കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മേപ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി.4-143/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ - 673121
ഫോൺ: 04936-203672
e-mail:dowyd.ksad@kerala.gov.in
തിയ്യതി: 02.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേപ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേപ്പാടി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസഥകൾ പ്രകാരം മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-24, 1-29 ഭാഗം 3 ലെ 3-1, 3-3 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ മേപ്പാടി പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി പി.4-143/2020

തിയ്യതിഃ 02.03.2020

<u>വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ</u>

<u>ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2019മുതൽ 30.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന്

ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. പി.എസ്.വസന്ത | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.02.2020 മുതൽ 12.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഒ.കെ.അഗസ്റ്റ്യൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. കെ.എം.നവാസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ.വി.ഡേവിഡ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പി.ഷാജി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഇന്ദു.കെ.നായർ | ഓഡിറ്റർ |
| | ശ്രീമതി. ടിജി വർഗ്ഗീസ് | ഓഡിറ്റർ |

<u>(ബി) നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. കെ.കെ. സഹദ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ടി.ഡി. ജോണി | 01.04.2018 മുതൽ 31.03.2019 വരെ |

<u>(ബി) നിർവ്വഹണാധികാരികൾ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ. വർക്കി. പി.എൽ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷംസീർ | 01.04.2018 മുതൽ 17.08.2018 വരെ |
| | ശ്രീമതി. മറിയുമ്മ | 18.08.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജയരാജ് | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഭാഗ്യലക്ഷ്മി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ഷഫീന | 01.04.2018 മുതൽ 02.03.2019 വരെ |
| | ഡോ. ഷാഹിദ് | 03.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഭാഗ്യശ്രീ | 01.04.2018 മുതൽ 23.10.2018 വരെ |
| | ഡോ. സയീദ | 24.10.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ആരിഫ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. ലിസി ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിനോദ് | 01.04.2018 മുതൽ 31.03.2019 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജംഷിദ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി. മഞ്ജുഷ | 01.04.2018 മുതൽ 02.07.2018 വരെ |
| | ശ്രീ. ജോർജ്ജ്. കെ.ഇ. | 03.07.2018 മുതൽ 16.09.2018 വരെ |
| | ശ്രീ. വിശാഖ്. | 17.09.2018 മുതൽ 12.02.2019 വരെ |
| | ശ്രീ. നാസർ | 13.02.2019 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീതി,പണം ഒടുക്കൽ,പിൻവലിക്കൽ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| 13 | വസ്തുനികുതി കുറവ് നിർണ്ണയിച്ചതിൽ 1448രൂപ കുറവ് | 1-13 |
| 14 | വാടക കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-14 |
| 15 | മത്സ്യമാർക്കറ്റ് - വാടകക്കാർ കെട്ടിടത്തിന്റെ മുറികളുടെ ചുമരുകൾ പെളിച്ച് പണിതത് - നഷ്ടം നാളിതു വരെ ഈടാക്കിയില്ല. | 1-15 |
| 16 | വാട്ടർ ചാർജ്ജസ് - കണക്കുകൾ കൃത്യമല്ല.. | 1-16 |
| 17 | വിനിയോഗ വിവരം ഹാജരാക്കാത്തത്- സംബന്ധിച്ച്. | 1-17 |
| 18 | ലൈഫ് ഭവന പദ്ധതി - പട്ടികവർഗ്ഗ ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള എസ്റ്റിമേറ്റിൽ 15% ലാഭ വിഹിതം ഉൾപ്പെടുത്തി തുക അനുവദിച്ചതിനാൽ അധികച്ചെലവ് | 1-18 |
| 19 | മുൻ ഭവന പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത വീടുകൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല- നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല | 1-19 |
| 20 | ലൈഫ് ഭവനം (ഒന്നാം ഘട്ടം) - മുൻകൂർ നൽകിയിട്ടും നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-20 |
| 21 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു | 1-21 |
| 22 | പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലും നിർവ്വഹണത്തിലും വീഴ്ച. | 1-22 |
| 23 | യഥാസമയം മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകർക്കെതിരെ നടപടി എടുത്തില്ല. | 1-23 |
| 24 | സർക്കാർ അനുമതി മുൻകൂർ വാങ്ങാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പാക്കുന്നു | 1-24 |
| 25 | അന്നപൂർണ്ണ പ്രഭാത ഭക്ഷണ വിതരണ പദ്ധതി -മോണിറ്ററിംഗ് തൃപ്തികരമല്ല. | 1-25 |
| 26 | ഫിസിയോ തെറാപ്പിസ്റ്റ് - അധിക വേതനം നൽകിയത് സംബന്ധിച്ച് | 1-26 |
| 27 | സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിൽ വീഴ്ച | 1-27 |

| | | |
|---|---|---|
| 28 | ആയുർവ്വേദ മരുന്ന് വാങ്ങൽ പദ്ധതി - സ്റ്റോക്കിലെ അപാകതകൾ | 1-28 |
| 29 | അംഗൺവാടി പോഷകാഹാരം- ഗുണനിലവാരം ഉറപ്പുവരുത്താതെ വിതരണം ചെയ്യുന്നു. | 1-29 |
| 30 | സമ്പൂർണ്ണ ഭവന പദ്ധതി ലോൺ തിരിച്ചടവ് | 1-30 |
| 31 | വെറ്ററൻ കായിക താരങ്ങൾക്ക് ധന സഹായം- ചട്ട വിരുദ്ധം | 1-31 |
| 32 | തെരുവു വിളക്ക് വാങ്ങൽ- തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-32 |
| 33 | മുൻകൂർ തുക ക്രമീകരിച്ചതിന്റെ വൗച്ചറുകൾ ഹാജരാക്കിയില്ല | 1-33 |
| 34 | ഗുണഭോക്തൃ സമിതിക്ക് അധിക തുക നൽകിയതിനാൽ ഗ്രാമപഞ്ചായത്തിന് ₹ 60,672/- നഷ്ടം. | 1-34 |
| 35 | പ്രവൃത്തി മൂല്യത്തെക്കാൾ അധിക തുക നൽകിയതിനാൽ നഷ്ടം. | 1-35 |
| 36 | എഗ്രിമെന്റ് വെച്ച് പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുന്നതിനു മുമ്പ് ചെയ്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചതിനാൽ നഷ്ടം ₹91,779/- രൂപ | 1-36 |
| | <u>ഭാഗം 3</u><br><u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u> | |
| 37 | ഗുണഭോക്തൃ സമിതിക്ക് അധിക തുക നൽകിയതിനാൽ ഗ്രാമപഞ്ചായത്തിന് ₹ 60,672/- നഷ്ടം. | 3-1 |
| 38 | പ്രവൃത്തി മൂല്യത്തെക്കാൾ അധിക തുക നൽകി. | 3-2 |
| 39 | എഗ്രിമെന്റ് വെച്ച് പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുന്നതിനു മുമ്പ് ചെയ്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചു. | 3-3 |
| | <u>ഭാഗം 4</u><br><u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u> | |
| 40 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 41 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| | | |

| | | |
|---|---|---|
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 44 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 45 | സ്ഥിര നിക്ഷേപം | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 48 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം - 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| അനുബന്ധം - 2 | വാർഷിക കണക്കിലെ ന്യൂനതകളുടെ സംഗ്രഹം | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

23.02.2019 തീയതിയിലെ 01/19 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പുതുക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹5,52,64,249/- |
| വരവ് | ₹19,24,97,600/- |

| | |
|---|---|
| ആകെ | ₹24,77,61,849/- |
| ചെലവ് | ₹17,07,75,395/- |
| നീക്കിയിരിപ്പ് | ₹7,69,86,454/- |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | സി.ബി(₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 3,47,68,402 | 3,47,68,402 | 3,47,68,402 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 76,63,376 | 76,63,376 | 76,63,376 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 74,16,288 | 74,16,288 | 74,16,288 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 95,05,838 | 95,05,838 | 95,05,838 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 23,90,910 | 23,90,910 | 23,90,910 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 1,17,94,979 | 1,17,94,979 | 1,17,94,979 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2,84,32,720 | 1,58,32,460 | 4,42,65,180 | 82,45,385 | 3,60,19,795 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 277 | 30,37,09,09,227 | 80 | 8,96,58,976 | 140 | 57 | 30 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20,415 | 13,16,116 | 13,36,531 | 12,04,079 | 1,32,452 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,69,18,540 | 5,69,18,540 | 5,69,18,540 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24,000 | 17 |
| കർഷകതൊഴിലാളി പെൻഷൻ | 35,95,700 | 287 |
| വിധവാപെൻഷൻ | 2,35,09,700 | 1958 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,75,26,900 | 2396 |
| വികലാംഗപെൻഷൻ | 56,87,700 | 424 |
| 50 വയസ്സ് കഴിഞ്ഞ അഗതികൾക്കുള്ള ധനസഹായം | 1,67,800 | 14 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39,000 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ട്. ഇത് തിരിച്ചടയ്ക്കുകയോ പഞ്ചായത്ത് ഭരണ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയോ ചെയ്യുന്നില്ല. വാർഷിക കണക്ക് തയ്യാറാക്കുന്നതിൽ മതിയായ ശ്രദ്ധ പതിപ്പിക്കുന്നില്ല. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ തെറ്റായ വിവരം രേഖപ്പെടുത്തി കണക്കുകൾ ക്രമീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും നിയമപ്രകാരം സർക്കാരിലേക്ക് ഒടുക്കേണ്ട നികുതികൾ യഥാസമയം ഒടുക്കുന്നതിന് ശ്രദ്ധിച്ചിട്ടില്ല. അസി.എഞ്ചിനീയറുടെ പ്രവൃത്തി ഫയലുകളിൽ കുറിപ്പുകൾ വെക്കുന്നില്ല. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ സ്റ്റോക്ക് കൈകാര്യം ചെയ്യുന്നതിൽ ജാഗ്രത പുലർത്തുന്നില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പ് കൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ തുടർ വർഷങ്ങളിലും തുടർന്ന് വരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. മേൽ പരാമർശിച്ച കാര്യങ്ങൾ ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2020 | 10/2019 മുതൽ 12/2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04/05/2002 | 1999-2000 | 23/07/2002 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-12 രസീതി,പണം ഒടുക്കൽ,പിൻവലിക്കൽ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയന്ന അപാകതകൾ

2018-19 ഓഡിറ്റിന്റെ ഭാഗമായി ബാങ്കിൽ പണം ഒടുക്കൽ, പണം പിൻവലിക്കൽ രസീതി പരിശോധന എന്നിവയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ലഭിച്ച ചെക്കുകൾ പണമായി മാറിയിട്ടില്ല:-

വിവിധ വരവിനങ്ങളിലായി ലഭിച്ച ചെക്കുകൾ നാളിതുവരെ പണമാക്കി മാറ്റിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

i) 2018 ജൂൺ 6-ാം തിയ്യതി അബ്ദുൾ നാസർ എന്നയാൾ വാടകയിനത്തിൽ 1,09,634/- രൂപ ചെക്ക് (നം.015994) മുഖേന രസീതി നം.118040500007 പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ തനത് വരുമാനം നിക്ഷേപിക്കുന്ന അക്കൗണ്ട്(വയനാട് ജില്ലാ സഹകരണ ബാങ്ക് അകൗണ്ട് നം.014)പരിശോധിച്ചപ്പോൾ ഈ ചെക്ക് 2019 മാർച്ച് 31തിയ്യതിയിലും പണമായി മാറിയിട്ടില്ലെന്ന് കണ്ടു. ഇക്കാര്യം 12/02/2020 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ചൂണ്ടിക്കാണിച്ചപ്പോൾ ഈ ചെക്ക് ഇടപാടുകാരന്റെ ബാങ്കിൽ പണമില്ലാതെ മടങ്ങിയതാണെന്നും ഇടപാടുകാരൻ പണമായി പ്രസ്തുത തുക അടവാക്കിയിട്ടുണ്ടെന്നും സെക്ഷൻ ക്ലാർക്ക് അറിയിച്ചു.രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ തുക ബാങ്കിൽ നിന്നും കളക്ഷനായിട്ടില്ലെന്നാണ് 2019 മാർച്ച് മാസത്തെ റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ii)2018 ഏപ്രിൽ 13-ാം തിയ്യതി റിലയൻസ് ജിയോ ഇൻഫോകോമിൽ നിന്ന് 10,000/- രൂപയുടെ ചെക്ക്(ചെക്ക് നം.179935) പെർമ്മിറ്റ് ഫീസിനത്തിൽ ലഭിച്ചതായി രസീതി നം. 11804040001 പ്രകാരം ഡേ ബുക്കിൽ വരവ് വെച്ചിട്ടുണ്ട്. എന്നാൽ 1000/-

രൂപ മാത്രമേ ഈ ചെക്ക് മുഖേന തനത് വരുമാനം നിക്ഷേപിക്കുന്ന അക്കൗണ്ടിൽ(വയനാട് ജില്ലാ സഹകരണ ബാങ്ക് അകൗണ്ട് നം.014) വരവ് വന്നിട്ടുള്ളൂ. 2019 മാർച്ച് 31തിയ്യതിയിലെ ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഈ ചെക്ക് മുഖേനയുള്ള 10,000/- രൂപ കളക്ഷനാകാത്തതായി കാണിച്ചിട്ടുണ്ട്.

2.റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ വൻ തുക ഡയറക്റ്റ്ലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന ഹെഡ്ഡിൽ കാണിച്ചിട്ടുണ്ട്. എന്നാൽ അകൗണ്ട് പരിശോധിക്കുമ്പോൾ പ്രസ്തുത തുക അകൗണ്ടിൽ ഡെബിറ്റ് വന്നിട്ടില്ല.ഉദാ.

i) തനത് വരുമാനം നിക്ഷേപിക്കുന്ന അക്കൗണ്ടിന്റെ(വയനാട് ജില്ലാ സഹകരണ ബാങ്ക് അകൗണ്ട് നം.014) 2019 മാർച്ച് മാസത്തെ റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 14/08/2018 തിയ്യതിയിൽ ബാങ്ക് അകൗണ്ടിൽ നിന്നും 65,000/- രൂപ നേരിട്ട് പിൻവലിച്ചു എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ 14/08/2018 തിയ്യതിയിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം മേൽ തുക പിൻവലിച്ചിട്ടില്ല.

ii) സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ(അകൗണ്ട് നം.2154175629)യുടെ 2019 മാർച്ച് മാസത്തെ റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 25/04/2017 തിയ്യതിയിൽ 9,12,285/- രൂപ അകൗണ്ടിൽ നിന്നും പിൻവലിച്ചതായി കാണുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ ഈ തുക ബാങ്കിൽ നിന്നും പിൻവലിച്ചിട്ടില്ല.

ഇത്തരത്തിൽ റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ തെറ്റായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്.

3. 2018-19 വർഷത്തെ ബാങ്ക്ബുക്ക് പ്രത്യേകം ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 2018 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ബാങ്ക് ബുക്കിന് പകരം ക്യാഷ് ബുക്കാണ് ബൈൻഡ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നത്. ബാങ്ക് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.-12 തിയ്യതി 12/02/2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

# 1-13 വസ്തുനികുതി കുറവ് നിർണ്ണയിച്ചതിൽ 1448/- രൂപ കുറവ്

പഞ്ചായത്തിൽ 100 ച.മീ കൂടുതലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് 60രൂപയാണ്. എന്നാൽ ശ്രീ എൽദോ ജോർജ്ജ് , പാലാട്ടുമാരിയിൽ എന്നവർക്ക് 328.86 ച.മീ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ബി4

– ബി.എ(48593)/2018 തീ. 05/01/2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഭാഗിക നിർമ്മാണം പൂർത്തിയായതിനാൽ 161.16 ച.മീ വിസ്തൃതിയുള്ള തറനിരപ്പ് നിലയ്ക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. 60/- രൂപ/ച.മീ പകരം 50 രൂപ/ച.മീ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ താഴെ പറയുന്ന തരത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. (ദ്വിതീയ മേഖലയിൽ വരുന്നതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവ് അനുവദനീയമാണ്.)

| ക്രമ നമ്പർ | കെട്ടിട നമ്പർ/ തറ വിസ്തീർണ്ണം (ച.മീ) | 50 രൂപ/ച.മീ നിരക്കിൽ നിർണ്ണയിച്ച നികുതി ( B T & LC ) | 60രൂപ/ച.മീ നിരക്കിൽ നിർണ്ണയിക്കേണ്ട നികുതി ( B T= 60* തറ വിസ്തീർണ്ണം - 10% LC=തറ വിസ്തീർണ്ണത്തിന്റെ 5% ) | വ്യത്യാസം ( B T & LC ) |
|---|---|---|---|---|
| 1 | 2/498 എ (32.23 ) | B T = 1451 LC = 73 | B T = 1741 LC = 87 | B T = 290 LC = 14 |
| 2 | 2/498 ബി (32.23 ) | B T = 1451 LC = 73 | B T = 1741 LC = 87 | B T = 290 LC = 14 |
| 3 | 2/498 സി (16.11) | B T = 725 LC = 37 | B T = 870 LC = 44 | B T = 145 LC = 7 |
| 4 | 2/498 ഡി (16.11) | B T = 725 LC = 37 | B T = 870 LC = 44 | B T = 145 LC = 7 |
| 5 | 2/498 ഇ (16.11) | B T = 725 LC = 37 | B T = 870 LC = 44 | B T = 145 LC = 7 |
| 6 | 2/498 എഫ് (16.11) | B T = 725 LC = 37 | B T = 870 LC = 44 | B T = 145 LC = 7 |
| 7 | 2/498 ജി (16.11) | B T = 725 LC = 37 | B T = 870 LC = 44 | B T = 145 LC = 7 |
| 8 | 2/498 എച്ച് (16.11) | B T = 725 LC = 37 | B T = 870 LC = 44 | B T = 145 LC = 7 |

| | | | | |
|---|---|---|---|---|
| | | B T = 7252<br>LC = 368 | B T = 8702<br>LC = 438 | B T = 1450<br>LC = 70 |

നികുതി നിർണ്ണയിച്ചതിലെ അപാകത കാരണം വസ്തുനികുതിയിനത്തിൽ 1450 രൂപ പഞ്ചായത്തിനും , ലൈബ്രറി സെസ്സ് ഇനത്തിൽ 70 രൂപ സർക്കാറിനും പ്രതിവർഷം നഷ്ടം സംഭവിക്കുന്നു . അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. നികുതി പുനർ നിർണ്ണയിച്ച് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-14 വാടക കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഷോപ്പിംഗ് കോംപ്ലക്സ്, മത്സ്യ മാർക്കറ്റ് വാടകയിനത്തിൽ 2018- 19 ൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം 29,46,870/- രൂപ , 25,78,316/- രൂപ , 3,68,554/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം ( 2017- 18 ബി - 15 ) കുടിശ്ശിക ഡിമാന്റ് 29,48,884/രൂപയും, കുടിശ്ശിക കളക്ഷൻ ( 2018 – 19 ആർ.പി 43 ) 8,43,681/- രൂപയും , ബാലൻസ് 21,05,203/- രൂപയുമാണ്. പഞ്ചായത്തിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്തു നോക്കാൻ കഴിഞ്ഞിട്ടില്ല. തൻവർഷ വാടക രജിസ്റ്ററിൽ താഴെ പറയും പ്രകാരം വാടക ഈടാക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | റൂം നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | അടവാക്കാനുള്ള തുക |
|---|---|---|---|---|
| 1 | 6/264 | മാനേജർ , മാവേലി സ്റ്റോർ | 975 | 1,392 |
| 2 | ലഭ്യമല്ല | ജംഹർ | 10,343 | 1,24,116 |
| 3 | 15 6/294 | എസ്. പൊന്നയ്യ | 5,318 | 63,816 |
| 4 | 17 6/296 | അലവി വടക്കേങ്ങര | 4,293 | 51,516 |
| 5 | 6/300 | പി.കെ ഉണ്ണികൃഷ്ണൻ | 1,773 | 21,276 |
| 6 | ലഭ്യമല്ല | പി.കെ ഉണ്ണികൃഷ്ണൻ | 1,149 | 13,788 |
| 7 | 7/271 | കമ്പൈൻറെ ഹീറോസ് | 6,199 | 74,388 |
| 8 | 6/846 | ലത്തീഫ് , നടുക്കൻചിറ | 14,587 | 14,587 |
| 9 | 6/978 | പ്രദീപ് കുമാർ എം | 3,675 | 3,675 |

| | | ആകെ | | 3,68,554 |
|---|---|---|---|---|

കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 11/ 18-19 / 11.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതും ഖണ്ഡികയിൽ സൂചിപ്പിച്ച തുകകൾ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

# 1-15 മത്സ്യമാർക്കറ്റ് - വാടകക്കാർ കെട്ടിടത്തിന്റെ മുറികളുടെ ചുമരുകൾ പെളിച്ച് പണിതത് - നഷ്ടം നാളിതു വരെ ഈടാക്കിയില്ല.

മത്സ്യമാർക്കറ്റിലെ 1,2 മുറികളുടെ ഇടച്ചുമരുകൾ 9/2015 ൽ പൊളിച്ച് നീക്കുകയും, പുറകിലോട്ട് മുറി പണിയുകയും ചെയ്തതിന് സെക്രട്ടറി നോട്ടീസ് നൽകിയിരുന്നു. സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് ചുമരുകൾ പൊളിച്ചു കളഞ്ഞതിന് പഞ്ചായത്തിനുണ്ടായ നഷ്ടം അസിസ്റ്റന്റ് എഞ്ചിനീയർ (ഡി.എസ്.ആർ 2015 പ്രകാരം) കണക്കാക്കിയത് ഇപ്രകാരമാണ്. റൂം 1 – ന് 17,275/- രൂപ , റൂം 2 ന് - 17,275/-,രൂപ , റൂം 3 ന് 5895/- രൂപ (ആകെ 40445 രൂപ) . ഇതിൽ 17275/- രൂപ ജംഷാർ നെല്ലാട്ട് തൊടിയിൽ എന്നയാളിൽ നിന്നും , 17275+5895 രൂപ അബ്ദുൾ അസീസ് പടിഞ്ഞാറെ പീടികയിൽ എന്നയാളിൽ നിന്നും ഈടാക്കുന്നതിനും , കേരള പഞ്ചായത്ത് രാജ് കുറ്റങ്ങൾ രാജിയാക്കൽ ചട്ടങ്ങൾ പ്രകാരം 3 മുറികൾക്ക് പിഴയും കൂടി ഒടുക്കുന്നതിന് ഭരണസമിതി (തീരുമാനം നമ്പർ 14/15 , തീ - 21.12.2015) തീരുമാനിച്ചിരുന്നു. ഇത് സംബന്ധിച്ച് വാടകക്കാർക്ക് നോട്ടീസ് നൽകുകയും ചെയ്തിരുന്നു ( എ4- 1031/15 തീ-01.12.2015) . ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചത് 2017- 18 ൽ ആണ്. പഞ്ചായത്തിന്റെ 17.08.2018 ലെ 1(2)-ാം നമ്പർ തീരുമാന പ്രകാരം നഷ്ടതുക ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും വാടകക്കാർക്ക് നോട്ടീസ് അയക്കുകയും ചെയ്തു.

മേൽ സൂചിപ്പിച്ച തുകയിൽ ഏതൊക്കെ മുറിയുടെ തുകകളാണ് ഈടാക്കിയതെന്ന് വ്യക്തമല്ല. രസീതി നമ്പർ 119040100022/4.4.2019 മുഖേന 20,000/- രൂപ Fine imposed by Panchayath എന്ന ഇനത്തിൽ ശ്രീ ജംഷീർ, അബ്ദുൾഅസീസ് എന്നിവർ അടവാക്കിയിട്ടുണ്ട്. ഓരോ വാടകക്കാരനും അടവാക്കിയ തുക എത്രയാണെന്ന്

വ്യക്തമല്ല. 40,445/- രൂപ ഈടാക്കിയതിന്റെ വിശദാംശങ്ങളും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 9/18-19/11.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹജരാക്കേണ്ടതാണ്.

## 1-16 വാട്ടർ ചാർജ്ജസ് - കണക്കുകൾ കൃത്യമല്ല.

വാർഷിക കണക്ക് പ്രകാരം 2018 – 19 ൽ വാട്ടർ ചാർജ്ജസ് ഇനത്തിൽ 150277/- രൂപ വരവുണ്ട്. മേപ്പാടി കുടിവെള്ള പദ്ധതിയിൽ വാട്ടർ ചാർജ് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച തുകയാണിത്. ഹാജരാക്കിയ രേഖകൾ പ്രകാരം ഗാർഹിക – ഗാർഹികേതര വിഭാഗങ്ങൾ ഉൾപ്പെടെ ആകെ 466 ഉപഭോക്താക്കളാണ് നിലവിൽ ഉള്ളത്. ഗാർഹിക കണക്ഷന് 26 – 52 രൂപ വരെയും (ഇനം തിരിച്ച് വിവരങ്ങളില്ല), ഗാർഹികേതര കണക്ഷന് 202 രൂപയുമാണ് നിരക്ക്. 2017-18, 2018-19 വർഷങ്ങളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| 2017-18 | 2,98,452 | 1,34,790 | 1,63,662 |
| 2018-19 | 2,98,452 | 1,50,277 | 1,48,175 |

2018-19 ഈടാക്കിയ കുടിശ്ശികയുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല . മുൻ വർഷങ്ങളിൽ ഈടാക്കുനുള്ള കുടിശ്ശികയുടെ വിവരങ്ങൾ , ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഗാർഹിക – ഗാർഹികേതര കണക്ഷനുകൾക്ക് റേറ്റ് നിശ്ചയിച്ചതിന്റെ വിശദാംശങ്ങളും, 2018 – 19 ലും , മുൻ വർഷങ്ങളിലും ഈടാക്കിയ കുടിശ്ശികയുടെ വിശദാംശങ്ങളും, ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ ചെലവുകളുടെ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കാനവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 10/18-19 /11.02.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 466 ഉപഭോക്താക്കൾ ഉള്ളതിൽ നിലവിൽ എത്ര പേർ ഉപയോഗിക്കുന്നുണ്ടെന്നോ , എത്ര കണക്ഷനുകൾ പ്രവർത്തനക്ഷമമാണെന്നോ ഉള്ള കണക്കുകൾ ലഭ്യമല്ല. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഒരു പമ്പ് ഓപ്പറേറ്ററെ നിയമിക്കുകയും പ്രതിമാസം 18200/- രൂപ ഹോണറേറിയം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മറ്റ് അറ്റകുറ്റ പണികൾക്കും തനത്ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട്. പരിശോധന നടത്തി യഥാർത്ഥ ഡിമാന്റ് കണക്കാക്കേണ്ടതും പഞ്ചായത്തിന് ഈയിനത്തിൽ നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഖണ്ഡികയിൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-17 വിനിയോഗ വിവരം ഹാജരാക്കാത്തത്-സംബന്ധിച്ച്.

പ്രൊജക്ട് നം.30/18-19

പ്രൊജക്ടിന്റെ പേര്-അംഗൺവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം നൽകൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ – എെ.സി.ഡി.എസ്.സൂപ്പർവൈസർ

ബിൽ നം.07/18-19 തിയ്യതി.19/01/2019

അടങ്കൽ-7,14,000/- രൂപ (ബി ഫണ്ട് – ജനറൽ)

ചെലവ്-7,14,000/-

അംഗൺവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം നൽകുന്നതിനായി പഞ്ചായത്ത് വിഹിതമായ 7,14,000/-രൂപ ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസറുടെ അകൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വിതരണ വിവരം ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-14, തിയ്യതി 12/02/2020 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുവിവരങ്ങൾ ഹാജരാക്കേണ്ടതാണ്. ചെലവ് തുക 7,14,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 ലൈഫ് ഭവന പദ്ധതി - പട്ടികവർഗ്ഗ ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള എസ്റ്റിമേറ്റിൽ 15% ലാഭ വിഹിതം ഉൾപ്പെടുത്തി തുക അനുവദിച്ചതിനാൽ - അധികച്ചെലവ്

മുൻ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ളതും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതുമായ ഭവന പദ്ധതികളുടെ പൂർത്തീകരണത്തിനായി ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി 2018-19 ൽ തുക ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭവന പൂർത്തീകരണത്തിന് ഓരോ ഭവനത്തിനും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗഡുക്കളായി തുക അനുവദിക്കുയുമാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റുകളിൽ കരാറുകാർക്ക് നൽകുന്ന 15% ലാഭ വിഹിതം ഉൾപ്പെടെ കണക്കാക്കി തുക അനുവദിച്ചത് വഴി സർക്കാരിന് അധിക ചെലവ് വന്നിട്ടുണ്ട്. ഓഡിറ്റ് വർഷം പൂർത്തീകരിച്ചതും വാല്വേഷൻ ലഭിച്ചതുമായ

ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റുകളിൽ 15% ലാഭ വിഹിതം കൂടി ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക( 15% ലാഭ വിഹിതം ഉൾപ്പടെ) | എസ്റ്റിമേറ്റ് നിരക്കിലുള്ള മൂല്യ നിർണ്ണയം/ (അനുവദിച്ച തുക) | ലാഭ വിഹിതം ഉൾപ്പെടാതെ നൽകാവുന്ന മൂല്യ നിർണ്ണയം | വ്യത്യാസം | എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|---|---|---|---|
| 1 | ഗോപാലൻ കള്ളാടി കോളനി | 6,00,000 | 5,80,000 | 5,04,348 | 75,652 | വൈശാഖ് അസി. എഞ്ചിനീയർ, LSGD , മേപ്പാടി |
| 2 | ശാരദ കല്ലുമല കൊല്ലിവയൽ | 4,00,000 | 3,47,652 | 3,02,306 | 45,436 | ഷിനീഷ് PWD Roads അമ്പലവയൽ |
| 4 | റീത്ത.കെ.പി കല്ലപറമ്പിൽ | 2,75,000 | 2,37,915 | 2,06,883 | 31,032 | ഷിനീഷ് PWD Roads അമ്പലവയൽ |
| 5 | മാധവി മണി അങ്ങാടിക്കുന്ന് | 6,00,000 | 5,60,000 | 4,86,957 | 73,043 | വൈശാഖ് അസി. എഞ്ചിനീയർ, LSGD ,മേപ്പാടി |
| | ആകെ | | | | 1,31,817 | |

പട്ടിക വർഗ്ഗ ഭവനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കോൺട്രാക്ടറുടെ ലാഭ വിഹിതം ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല എന്ന നിർദ്ദേശം പഞ്ചായത്ത് തല കർമ്മ സമിതി ടി.പി.ടി.എ/ എഞ്ചിനീയർ എന്നിവർക്ക് കൈമാറിയതിന്റെ രേഖകൾ ഇല്ല.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം.3/18-19 ന് നൽകിയ

മറുപടിയിൽ സാങ്കേതിക പരിജ്ഞാനമില്ലാത്തതിനാലാണ് അപാകത വന്നിട്ടുള്ളതെന്നും ഇനി നൽകാനുള്ള ഗഡുക്കൾ അപാകത പരിഹരിച്ച് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും പ്രസ്തുത വിഷയത്തിൻമേൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതുമാണ്.

# 1-19 മുൻ ഭവന പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത വീടുകൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല- നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

മുൻ വർഷങ്ങളിൽ നൽകിയിട്ടുള്ളതും പൂർത്തീകരിക്കാതെ അവശേഷിക്കുന്നതുമായ ഭവനങ്ങൾ ലൈഫ് പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ല. പഴയ പദ്ധതിയിൽ ഒന്നും രണ്ടും മൂന്നും ഗഡുക്കൾ വാങ്ങിയ ഗുണഭോക്താക്കളെയാണ് ഇത്തരത്തിൽ ഒഴിവാക്കിയിട്ടുള്ളത്. ഒഴിവാക്കിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ (ഉദാഹരണം) ചുവടെ കൊടുക്കുന്നു.

| ക്രമ.നം | ഭവന പദ്ധതി | പേര് | അനുവദിച്ച തുക | ചെക്ക് നം/ തിയ്യതി |
|---|---|---|---|---|
| 1 | ജനറൽ ഭവനം<br>ആകെ തുക – 2,00,000/- | ആലീസ് ചാർലി<br>വണ്ടംമാക്കൽ<br>വാർഡ്-3 | 80,000 | 4691/1.10.15- 20,000<br>4754/28.03.16- 60,000 |
| 2 | ജനറൽ ഭവനം<br>ആകെ തുക – 2,00,000/- | അശ്വതിദേവി<br>കല്ലുവെട്ടുകുഴിയിൽ | 80,000 | 7589/26.3.15- 20,000<br>7593/27.4.15- 60,000 |
| 3 | വനിത ഭവനം<br>ആകെ തുക – 2,00,000/- | അമൃത | 80,000 | 843/31.3.14- 20,000<br>873/21.4.14- 60,000 |
| 4 | ഇ.എം.എസ് ഭവനം | ആമിന അലവി<br>പാളശ്ശേരി | 80,000 | 818/26.3.14- 20,000 |

| | | | | |
|---|---|---|---|---|
| | ആകെ തുക – 2,00,000/- | | | 844/31.03.14- 60,000 |
| 5 | ഇ.എം.എസ് ഭവനം<br>ആകെ തുക – 2,00,000/- | പാത്തു കുഞ്ഞാലൻ<br>ചെറുകര | 52,500 | 3987/13.8.10- 22,500<br>4778/31.11.10- 30,000 |

ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കിയതിനും തുക തിരികെ ഈടാക്കാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രേഖകൾ സഹിതം വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം.22/18-19/12.02.2020 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. വിവിധ ഭവന പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ലോൺ എടുത്താണ് ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുള്ളത്. ഇത്തരത്തിൽ തുക കൈപ്പറ്റി ഭവന നിർമ്മാണം നടത്താതിരിക്കുകയും ഇവ തിരികെ ഈടാക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നതും കൃത്യ വിലോപമാണ്. തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളും അവയുടെ പുരോഗതിയും അറിയിക്കേണ്ടതാണ്.

# 1-20 ലൈഫ് ഭവനം (ഒന്നാം ഘട്ടം) - മുൻകൂർ നൽകിയിട്ടും നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഭവനങ്ങൾ പൂർത്തീകരിക്കാൻ ലൈഫ് ഭവന പദ്ധതിയിൽ (ഒന്നാം ഘട്ടം) ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്).196/2017/ത.സ്വ.ഭ.വ തിയ്യതി 11.10.2017ലെ നിർദ്ദേശം പ്രകാരം ഭവന നിർമ്മാണത്തിനായി മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.11.2018 ലെ സർക്കുലർ നം.667/ഡി.ബി.1/2018 പ്രകാരം പൂർത്തിയായ വീട് പൂർത്തീകരിക്കാൻ ലൈഫ് മിഷൻ ഒന്നാം ഘട്ട പദ്ധതിയുടെ കീഴിൽ വീണ്ടും ഒരു ഗഡു കൂടി ധനസഹായം വാങ്ങുകയും അതിന് ശേഷവും നാളിതുവരെ വീട് പണി പുന:രാരംഭിക്കാതിരിക്കുകയും ഇത്തരത്തിൽ നിരുത്തരവാദ പൂർണ്ണമായ സമീപനം എടുത്തിട്ടുള്ളവരിൽ നിന്നും നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ചില ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പേര് | മുൻ ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക | ലൈഫ് ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക/ തിയ്യതി |
|---|---|---|---|
| 1 | സഫിയ അബ്ദുൾ സലീം<br>വാർഡ്-11 | 22,500 | 50,000/ 26.02.2018 |
| 2 | അഷ്റഫ് പി.കെ<br>വാർഡ്-11 | 22,500 | 50,000/ 10.03.2018 |
| 3 | സുശീല<br>വാർഡ്-20 | 52,500 | 50,000/ 25.05.2018 |
| 4 | ഇബ്രാഹിം<br>വാർഡ്-11 | 22,500 | 50,000/ 18.03.2018 |
| 5 | റംലത്ത്<br>വാർഡ്-11 | 22,500 | 1,00,000/ 18.03.2018 |

മേൽപ്പരാമർശിക്കുന്നവയുൾപ്പെടെ മുൻകൂർ കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം ആരംഭിക്കാത്ത മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

# 1-21 നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ മുൻ വർഷങ്ങളിൽ പിൻവലിച്ച് നിക്ഷേപിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് വിവരം | അക്കൗണ്ടിലെ നീക്കിബാക്കിയും തിയ്യതിയും |
|---|---|---|---|
| 1 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ<br>നം. 2154106202 | 7,99,574/- 18.01.2019 |
| 2 | ഹെഡ് മാസ്റ്റർ | സെൻട്രൽ ബാങ്ക് | 18,476/- 07.01.2020 |

| | | ഓഫ് ഇന്ത്യ<br>നം. 2154106202 | |
|---|---|---|---|

മുൻവർഷങ്ങളിൽ മാറിയ തുക പരിശോധിച്ച് സഞ്ചിത ഫണ്ടിലേക്ക് അടവ് വരുത്തി അറിയിക്കേണ്ടതാണ്.

# 1-22 പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലും നിർവ്വഹണത്തിലും വീഴ്ച.

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 3-23 -പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകൾ സൂക്ഷിക്കുന്നതിലെ വീഴ്ചകൾ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നു. എന്നാൽ നടപ്പ് വർഷത്തിലും പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നുണ്ടോ എന്ന് ഓഡിറ്റിന് വിലയിരുത്താൻ സാധിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിക്കുന്നതിലെയും നിർവ്വഹണത്തിലെയും പ്രധാന വീഴ്ചകൾ താഴെ പറയുന്നു.

1) ആസ്തി രജിസ്റ്റർ, റോഡ് രജിസ്റ്റർ, റോഡ് കണക്കുവിറ്റി ഭൂപടം എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പുള്ള അവസ്ഥ എന്താണെന്നും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗ രേഖ [ജി.ഒ.(എം.എസ്)നം. 72/2017/തസ്വഭവ, 29.03.2017] ഖണ്ഡിക 12.1 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്കുവിറ്റി ഭൂപടം തയ്യാറാക്കാൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2) അസി. എഞ്ചിനീയറുടെ ക്യാഷ് ബുക്കിൽ മാസാന്ത്യ ക്ലോസ്സിംഗ് നടത്തിയിട്ടില്ല. തനത് ഫണ്ട് ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ട്രഷറി ബിൽ ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ എല്ലാ ട്രഷറി ബില്ലുകളുടെ തുകകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടാണ് (സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ മേപ്പാടി ശാഖയിലെ A/C No. 2154098438) മേപ്പാടി ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയർ ബാങ്ക് ഇടപാടുകൾ നടത്തുന്നത്. ഈ അക്കൗണ്ടിലെ പലിശ വരവുകൾ കാഷ് ബുക്കിൽ

രേഖപ്പെടുത്തിയിട്ടല്ല. ബാങ്ക് പാസ് ബുക്ക് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3) വർക്ക് ഫയലുകളോടോപ്പം നോട്ട് ഫയൽ ഇല്ല. ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. സെലക്ഷൻ നോട്ടീസ്, വർക്ക് ഓഡർ, സൈറ്റ് കൈമാറിയതിന്റെ കൈപ്പറ്റ് രേഖ എന്നിവയിൽ തീയതി രേഖപ്പെടുത്താത്തതിനാൽ അസാധുമാണ്. ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെയും ടെണ്ടർ നോട്ടീസ് ഇല്ല. ടെണ്ടർ പരസ്യത്തിന്റെ വിവരങ്ങളില്ല. ടെണ്ടറുകളുടെ താരതമ്യ പത്രികയില്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. ടെണ്ടർ ഫോറങ്ങളിൽ പലതിലും ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ ക്വോട്ട് ചെയ്ത നിരക്ക് രേഖപ്പടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തിരുത്തലുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അക്ഷരത്തിൽ നിരക്ക് രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നില്ല. കരാറുകരൻ രേഖപ്പടുത്തിയ നിരക്കുകൾ എഞ്ചിനീയർ അക്ഷരത്തിൽ രേഖപ്പടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം ലൊക്കേഷൻ മാപ്പും ഡ്രോയിങും ഇല്ല. റോഡ് പ്രവൃത്തികളുടെ ചെയ്നേജ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും കരാറുടമ്പടിയിൽ പൂർത്തികരണ തീയതി രേഖപ്പെടുത്തിയിട്ടില്ല.

4) അളവ് പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഇഷ്യൂ ചെയ്ത എം. ബുക്കുകളുടെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സ്റ്റോക്കിലുള്ള ഉപയോഗിക്കാത്ത എം. ബുക്കുകളുടെ വിവരം എഴുതി സൂക്ഷിച്ചിട്ടില്ല. അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയും അളവ് പരിശോധിച്ച ഉദ്യോഗസ്ഥന്റെയും മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെയും പേരും ഉദ്യോഗപേരും രേഖപ്പെടുത്തിയിട്ടില്ല. അളവ് പുസ്തകത്തിൽ പേയ്മെന്റിന്റെ വിവരങ്ങൾ രേഖപ്പടുത്തിയിട്ടില്ല.

5) ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററും സെയ്ൽസ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും എത്ര ടെണ്ടർ ഫോറങ്ങൾ വിറ്റിട്ടുണ്ടെന്നും എത്ര ടെണ്ടർ ഫോറങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും, പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോറം വാങ്ങിയിട്ടുള്ള എല്ലാ കരാറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും സമർപ്പിച്ച ടെണ്ടർ ഫോറങ്ങൾ എല്ലാം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും ആയവ പ്രകാരം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിക്കാത്തതും ക്രമ നമ്പർ ഇല്ലാത്തതുമായ ടെണ്ടർ ഫോറങ്ങളിലാണ് പല പ്രവൃത്തികളുടെയും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്.

അതിനാൽ ടെണ്ടർ ഫോറങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ നിന്നു തന്നെ വാങ്ങിയവയാണെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

6) ടാറിംഗ് പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ ടാറിന്റെ അഡ്വികസി രേഖപ്പെടുത്തിയിട്ടില്ല. ഒറിജിനൽ ടാർ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7) പൂർത്തീകരണ സമയത്തിനുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം നടപടി സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. (ഉദാ: പ്രോജക്ട് നം.എസ്0175/18, കുന്നമംഗലം വയൽ അംഗൻവാടി റോഡ് ടാറിംങ്, റീടാറിംങ്, പൂർത്തികരണ തീയതി :14.10.2017. പൂർക്കിയാക്കിയ തീയതി 26.03.2018 )

8) പല എസ്റ്റിമേറ്റുകളും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 14(5) പ്രകാരം ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയ അധികാരസ്ഥാനങ്ങലിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ റിവൈസഡ് എസ്ററിമേറ്റ് തയ്യാറാക്കി നടപ്പിലാക്കി. (ഉദാ: പ്രോജക്ട് നം.എസ്0215/19, കമ്മ്യൂണിറ്റി ഹാൾ നവീകരണം പണി പൂർക്കിയാക്കിയ തീയതി 12.11.2018, എസ്ററിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള ഭരണസമിതി തീരുമാനം നം. 1(5)/18, തീയതി. 22.11.2018 )

ഓഡിറ്റ് എൻക്വയറി നം. 06/2018-19/11.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വീഴ്ചകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-23 യഥാസമയം മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകർക്കെതിരെ നടപടി എടുത്തില്ല.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്. കരാറുടമ്പടിവെച്ച് കരാറുകാരെ

ഏൽപ്പിച്ച താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ട് നം. , പേര് | അടങ്കൽ, ഫണ്ട് | കരാറുടമ്പടിയുടെ നം. , തീയതി | കരാറുകാരൻ |
|---|---|---|---|---|
| 1 | എസ്0136/19, ചെമ്പോത്തറ അംഗൻവാടി റിപ്പയർ | ₹150000/- സംരക്ഷണ ഗ്രാന്റ് | 59/2018-19, 06.02.2019 | ജോൺസൺ |
| 2 | എസ്0058/19, പൂത്തമല മയ്യത്തും കരയ്ക്ക് സമീപം കോൺക്രീറ്റ് നടപ്പാത | ₹200000/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 54/2018-19, 28.01.2019 | ലിബിൻ |
| 3 | എസ്0064/19, കൈതകൊല്ലി റോഡ് ഫോർമേഷൻ | ₹400000/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 32/2018-19, 11.12.2018 | അഭിലാഷ് |
| 4 | എസ്0066/19, ചെമ്പോത്തറ പുതുവായ്ക്കുന്നി റോഡ് ഫോർമേഷൻ | ₹400000/- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 36/2018-19, 20.12.2018 | അഭിലാഷ് |
| 5 | എസ്0069/19, നെടുംമ്പാല ചൂരിക്കുനി റോഡ് റീ-ടാറിംങ് | ₹900000/- സംരക്ഷണ ഗ്രാന്റ് | 79/2018-19, 07.03.2019 | അഭിലാഷ് |
| 6 | എസ്0096/19, മിനി കോളനി നടപ്പാത സൈഡ് സംരക്ഷണം | ₹750000/- സംരക്ഷണ ഗ്രാന്റ് | 67/2018-19, 22.02.2019 | ലിബിൻ |
| 7 | എസ്0097/19, അഞ്ചിൽപാടി റോഡ് റീടാറിംഗ് | ₹600000/- സംരക്ഷണ ഗ്രാന്റ് | 73/2018-19, 03.03.2019 | ബോസ് |
| 8 | എസ്0100/19, ബാബു റോഡ് മുതൽ പാറക്കംവയൽ വരെ റീടാറിംങ് | ₹500000/- സംരക്ഷണ ഗ്രാന്റ് | 100/2018-19, 09.03.2019 | സനോജ് |
| 9 | എസ്0134/19, | ₹1000000/- | 96/2018-19, | ജോർജ് |

| | | | | |
|---|---|---|---|---|
| | കാട്ടൂർ അംഗൻവാടി നിർമ്മാണം | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 09.03.2019 | കെ.വി. |
| 10 | എസ്0269/19, കുടുംബശ്രീ ഓഫീസിന് സമീപം ടോയിലറ്റ് കോംപ്ലക്സ് | ₹300000/- നിർമ്മൽ പുരഷ്ക്കാർ | 13/2018-19, 17.11.2018 | ശ്യാം |
| 11 | എസ്0283/19, മുണ്ടക്കൈ ജി.എൽ.പി. സ്കൂൾ റിപ്പയർ | ₹400000/- സംരക്ഷണ ഗ്രാന്റ് | 24/2018-19, 22.11.2018 | സനോജ് |
| 12 | എസ്0284/19, പൂത്തമല ജി.എൽ.പി. സ്കൂൾ റിപ്പയർ | ₹400000/- സംരക്ഷണ ഗ്രാന്റ് | 26/2018-19, 22.11.2018 | സനോജ് |
| 13 | എസ്0310/19, കുന്നമംഗലം കുന്ന് റോഡ് റിപ്പയർ സെക്കന്റ് റീച്ച് | ₹450000/- തനത് ഫണ്ട് | 83/2018-19, 08.03.2019 | സനോജ് |
| 14 | എസ്0317/19, നായ്ക്ക കൊല്ലി എസ്.ടി. കോളനി റോഡ് പൂർത്തികരണം | ₹353490/- ടി.എസ്.പി. | 71/2018-19, 28.02.2019 | സുനിൽ |
| 15 | എസ്0318/19, ചെമ്പോത്തറ കല്ലായിമ്മൽ കാപ്പംകൊല്ലി റോഡ് മെയിന്റെനൻസ് | ₹100000/- സംരക്ഷണ ഗ്രാന്റ്<br>₹232779/- തനത് ഫണ്ട് | 81/2018-19, 28.02.2019 | അഭിലാഷ് |
| 16 | എസ്0320/19, പുളിങ്കണ്ടി കോളനി നടപ്പാത പൂർത്തീകരണം | ₹20000/- ടി.എസ്.പി. | 70/2018-19, 28.02.2019 | സുനിൽ |
| 17 | എസ്0321/19, കുപ്പടികുന്ന് കോളനി നടപ്പാത കോൺക്രീറ്റ് | ₹80000/- ടി.എസ്.പി. | 65/2018-19, 20.02.2019 | ബോസ് |

| | | | | |
|---|---|---|---|---|
| 18 | എസ്0122/19, തൃക്കൈപ്പറ്റ, ചൂരൽമല മേപ്പാടി പ്രദേശങ്ങളിൽ തടയണ നിർമ്മാണം | ₹1555000/- വികസന ഫണ്ട് | 98/2018-19, 09.03.2019 | ജോർജ് കെ.വി. |
| 19 | എസ്0076/19, കുന്നമംഗലംവയൽ റോഡ് സംരക്ഷണം റീടാറിംങ് | ₹750000/- സംരക്ഷണ ഗ്രാന്റ് | 84/2018-19, 08.03.2019 | സനോജ് |

വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും സാമ്പത്തിക വർഷാവസാനം ലാപ്സാകുന്നതിനാൽ പ്രവൃത്തികൾക്കുവേണ്ടി വകയിരുത്തിയ ചെലവഴിക്കാത്ത പ്രസ്തുത തുകകൾ ഗ്രാമപഞ്ചായ ത്തിന് നഷ്ടപ്പെടുന്നതിന് ഇടയായിട്ടുണ്ട്. ആയതിന് പുറമേ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാതെ വരുന്നത് ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾകൊണ്ട് ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിലും കാലതാമസം ഉണ്ടാക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 19/2018-19/ 12.02.2020- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-24 സർക്കാർ അനുമതി മുൻകൂർ വാങ്ങാതെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പാക്കുന്നു

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 2018 – 2022 വർഷങ്ങളിലേക്കുള്ള വാർഷിക പദ്ധതികൾക്കുള്ള മാർഗ്ഗരേഖ സ.ഉ (കൈ) 11/2018 ത.സ്വ.ഭ.വ തീ. 29.01.2018 അനുസരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ (അദ്ധ്യായം XVI) തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരിക നിലയങ്ങൾ, വായനശാലകൾ , വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കലാ സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം. സബ്സിഡി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ പ്രോത്സാഹന സഹായം നൽകാവൂ.

വിദ്യാഭ്യാസ മേഖലയിൽ കായിക അധ്യാപകരെ നിയമിക്കുന്നതിനാണ് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് .മാത്രമല്ല തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള വികസന പ്രോജക്ടിന്റെ ഭാഗമായി പരിശീലനം നൽകാം. പരിശീലനത്തിന് മാത്രമായി പ്രോജക്ട് അനുവദനീയമല്ല . എന്നാൽ മുൻകൂർ അനുമതി വാങ്ങാതെ വിവിധ പരിശീലന പരിപാടികളിൽ പരിശീലകർക്ക് ഹോണറേറിയം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര നമ്പർ | പദ്ധതിയുടെ പേര് | ചെലവ് / ബിൽ നമ്പർ |
|---|---|---|
| 1 | 140/19 – സംഗീതോപകരണ പരിശീലനം<br>( കീ ബോർഡ് , തബല , വയലിൻ , ഗിത്താർ ) | 100000/-<br>ചെക്ക് നം/തുക<br>1814227/8.10.2018-19200/-<br>1814239/24.11.2018 – 33600/-<br>1814259/6.2.2019 – 47200/- |
| 2 | 144/19 – കലാ അധ്യാപകർക്ക് ഹോണറേറിയം<br>(ഡാൻസ് , ചിത്രരചന ) | 108000/-<br>ചെക്ക് നം./ തുക<br>1814277 / 14.03.2019 – 108000/- ) |

മാർഗ്ഗരേഖയിൽ സൂചിപ്പിക്കാത്ത പദ്ധതികൾ നടപ്പാക്കുന്നതിന് മുമ്പ് സർക്കാർ അനുവാദം വാങ്ങേണ്ടതാണ്. ഇത്തരത്തിൽ അനുമതി വാങ്ങിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 13/18-19 / 12.02.2020) അപാകതകൾ ആവർത്തിക്കില്ലെന്നും നടപ്പിലാക്കുന്ന തുടർ വർഷങ്ങളിൽ സർക്കാർ അംഗീകാരം ലഭ്യമാക്കി മാത്രമേ പദ്ധതി നടപ്പുകയുള്ളൂവെന്നും മറുപടി നൽകിയിട്ടുണ്ട്.

## 1-25 അന്നപൂർണ്ണ പ്രഭാത ഭക്ഷണ വിതരണ പദ്ധതി - മോണിറ്ററിംഗ് സുതാര്യമല്ല.

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പ്രോജക്ട് നം. 273/ 19 – അന്നപൂർണ്ണ പ്രഭാത ഭക്ഷണ പരിപാടി – എന്ന പദ്ധതിയിൽ 2018-19 ൽ താഴെ കെടുക്കുന്ന തരത്തിൽ ചെലവ് വന്നിട്ടുണ്ട്.

ബിൽ നമ്പ്ര – 6/18-19/23.11.18 -84,554/- രൂപ

7/18-19/23.11.2018- 1,08,598/- രൂപ

9/18-19/31.12.2018 – 1,46,413/- രൂപ

11/18-19/14.01.2019 – 18,445/- രൂപ

16/18-19/20.03.2019-1,41,440/- രൂപ

17/18-19/20.03.2019 – 1,25,540/- രൂപ

ചെക്ക് നമ്പർ 1814281/18.03.2019 – 25,598/- രൂപ

ആകെ – 6,50,588/- രൂപ

പഞ്ചായത്തിലെ 9 പ്രൈമറി വിദ്യാലയങ്ങളിലെ പൊതുവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകിയിട്ടുണ്ട്. അന്നപൂർണ്ണ ട്രസ്റ്റിന്റെയും പഞ്ചായത്തിന്റെയും സംയുക്ത പദ്ധതിയായാണ് ഇത് നടപ്പാക്കിയത്. അന്നപൂർണ്ണ നാഷണൽ കോഡിനേറ്ററും മേപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടും 3/2/2018 ൽ ഒപ്പിട്ട ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഒരു കുട്ടിക്ക് ഒരു ദിവസം 8/- രൂപയാണ് ചെലവഴിക്കുന്നത്. ചെലവിന്റെ 50% പഞ്ചായത്തും 50% അന്നപൂർണ്ണ ട്രസ്റ്റും വഹിക്കുന്നു.പദ്ധതിക്കാവശ്യമായ ഭക്ഷണ സാധനങ്ങളും പാചകക്കാരന്റെ വേതനവും ഇതിൽ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതി സംയുക്ത പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് നടപ്പിലാക്കേണ്ടത്. അന്നപൂർണ്ണ ട്രസ്റ്റിൻെറ വിഹിതം കൂടി ഉൾപ്പെടുത്തി വേണം അടങ്കൽ തയ്യാറാക്കേണ്ടത്.

പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതിയായ 12594 ഹെക്ടറിൽ 2509 ഹെക്ടറും തോട്ടം ( പ്ലാന്റേഷൻ) മേഖലയാണ്. തോട്ടം മേഖലയിലെ തൊഴിലാളികളിൽ ഭൂരിഭാഗവും ന്യൂനപക്ഷങ്ങളും കർണ്ണാടകത്തിലേയും , തമിഴ്നാട്ടിൽ നിന്നും കുടിയേറിയ ജനവിഭാഗങ്ങളാണ്. വിദ്യാർത്ഥികളിൽ ഭൂരിഭാഗവും തോട്ടം തൊഴിലാളികളുടെ കുട്ടികളാണ് . ഈ മേഖലയിൽ എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകുന്നത് ഏറെ ആശ്വാസകരമായ പദ്ധതിയാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണ നിർദ്ദേശങ്ങളിൽ സ്പോൺസർഷിപ്പിലൂടെ വിഭവസമാഹരണം നടത്തി എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. തുടർ വർഷങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് സർക്കാറിന്റെ അനുമതി ലഭ്യമാക്കുന്നതിനും പദ്ധതി നടത്തിപ്പ് മോണിറ്ററിംഗ് നടത്തുന്നതിനും പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ഫിസിയോ തെറാപ്പിസ്റ്റ് - അധിക വേതനം

# നൽകിയത് സംബന്ധിച്ച്

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ ഫിസിയോ / സ്പീച്ച് തെറാപിസ്റ്റിന് അവർ യഥാർത്ഥ സേവനം നൽകുന്ന ഒരോ ദിവസത്തിനും 600/- രൂപ തോതിൽ ഹോണറേറിയം നൽകാവുന്നതാണ്.

പഞ്ചായത്തിന്റെ 31/19 -ാം നമ്പർ പദ്ധതിയിൽ (ചുളിക്ക സ്കൂൾ ഫിസിയോ തെറാപിസ്റ്റിന് ഹോണറേറിയം) ഫിസിയോ തെറാപിസ്റ്റിന് മാസം 15,000/- രൂപ തോതിൽ ഹോണറേറിയം നൽകുകയാണ് ചെയ്തിട്ടുള്ളത് . സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഹോണറേറിയം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി 21/18-19/12.02.2020) നല്കിയ മറുപടിയിൽ പ്രതിമാസം ഹോണറേറിയം നൽകാൻ പാടില്ല എന്ന് അറിവില്ലായിരുന്നുവെന്നും തെറാപിസ്റ്റിന് എസ്.എസ്. എ നൽകുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഹോണറേറിയം നൽകിയിട്ടുള്ളതെന്നും പ്രതിദിനം 600/- രൂപ നിരക്കിൽ ജോലി ചെയ്യുന്നതിന് തെറാപിസ്റ്റുകൾ തയ്യാറാവാത്തതിനാൽ നിലവിൽ സെന്റർ പ്രവർത്തിക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

# 1-27 സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിൽ വീഴ്ച

ഓഡിറ്റിന്റെ ഭാഗമായി സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് 04.02.2020 ന് ഓഡിറ്റ് റിക്വിസിഷൻ മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ, ഫയലുകൾ എന്നിവ ക്രമപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കാൻ നേരിട്ടും, ഓഡിറ്റ് എൻക്വയറി മുഖേനയും (നം. 23/18-19 തീയ്യതി 12.02.2020) ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ക്രമപ്പെടുത്തി ഹാജരാക്കിയിട്ടില്ല. ട്രഷറി ബിൽ ബുക്ക് പ്രകാരം താഴെ പറയും പ്രകാരമുള്ള തുകകൾ പിൻവലിച്ചിട്ടുണ്ട്.

| ക്രമ.നം | പ്രോജക്ടിന്റെ പേര് | ബിൽ നം/ തിയ്യതി | തുക |
|---|---|---|---|
| 1 | പെയിൻ ആന്റ് പാലിയേറ്റീവ് ഹോം | 01/18-19/21.08.2018 | 1,05,000 |

| | | | |
|---|---|---|---|
| 2 | കെയറിന് മരുന്ന്,ഉപകരണങ്ങൾ | 02/18-19/25.10.2018 | 2,85,107 |
| 3 | | 03/18-19/25.10.2018 | 1,05,000 |
| 4 | | 04/18-19/25.10.2018 | 35,000 |
| 5 | | 05/18-19/12.11.2018 | 50,000 |
| 6 | | 06/18-19/05.02.2019 | 1,23,750 |
| 7 | | 07/18-19/12.03.2019 | 65,000 |
| 8 | | 09/18-19/25.03.2019 | 2,31,143 |
| 9 | ജ്യോതി പെയിൻ ആന്റ് പാലിയേറ്റീവ് മരുന്ന്,ഉപകരണങ്ങൾ | 08/18-19/25.03.2019 | 90,000 |
| 10 | | 10/18-19/25.03.2019 | 4,10,000 |
| | ആകെ | | 15,00,000 |

രേഖകൾ ഹാജരാക്കാത്തതിനാൽ സമൺസ് നൽകിയതിനെ തുടർന്ന് 29/02/2020 നാണ് മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട പൂർത്തീകരിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയത്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ യഥാസമയം രേഖകൾ പൂർത്തീകരിച്ച് സൂക്ഷിക്കാത്തത് ഉചിതമായ നടപടിയല്ല. ഭാവിയിൽ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-28 ആയുർവ്വേദ മരുന്ന് വാങ്ങൽ പദ്ധതി - സ്റ്റോക്കിലെ അപാകതകൾ

പ്രൊജക്ട് നം. 34/19 പ്രകാരം 5 ലക്ഷം രൂപ ആയുർവ്വേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിനായി ഹാജരാക്കിയ മരുന്ന് ലഭിച്ച ഇൻ വോയ്സ് നം.90094078/17.12.18 പ്രകാരം ലഭിച്ച മരുന്ന് സ്റ്റോക്കിൽ ചേർത്തതിൽ അപാകതകൾ വന്നതായി കണ്ടു. വിശദവിവരം താഴെക്കൊടുക്കുന്നു.

എ) ഇൻ വോയ്സ് ക്രമ നം. 13,14 എന്നിവ യഥാക്രമം മഹാരാസ്നാദി കഷായചൂർണ്ണം, ദശമൂലകടുത്രും എന്നിവ 40 കിലോ വീതം ലഭിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ

16 കിലോ വീതം മാത്രമേ ചേർത്തിട്ടുള്ളൂ.

ബി) ഇൻ വോയ്സ് ക്രമ നം. 5,6,7 എന്നിവ പ്രകാരം യഥാക്രമം 1, 28, 21 വീതം ഔഷധി ഹെയർടോൺ വാങ്ങിയിട്ടുണ്ട്. ഇവയിൽ 29 എണ്ണം 2019 ൽ എക്സ്പയറിയായതാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 45 ബോട്ടിലുകൾ നിലവിൽ ബാക്കിയുള്ളതായി കണ്ടു.

ഓഡിറ്റ് എൻക്വയറി (നം. 17 /18-19 തീയ്യതി 12.02.2020) മുഖേന അപാകതകൾ ചൂണ്ടിക്കാണിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥ രേഖകൾ പരിശോധിച്ച് താഴെപ്പറയും പ്രകാരം വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

1) മേൽ (എ) യിൽ പരാമർശിക്കുന്ന മരുന്നുകൾ 40 കിലേ വീതം തന്നെ ലഭിച്ചിട്ടുണ്ട് എന്നും, സ്റ്റോക്കിൽ എഴുതുമ്പോൾ പാക്കറ്റുകളുടെ എണ്ണം അളവിന് പകരം എഴുതിപ്പോയതാണെന്നും, നിലവിലെ യഥാർഥ സ്റ്റോക്ക് പരിശോധിച്ചതിൽ മരുന്ന് ബാക്കിയുണ്ടെന്നും , ആയത് സ്റ്റോക്കിൽ ചേർത്ത് കണക്കുകൾ ക്രമപ്പെടുത്തിയെന്നും അറിയിക്കുകയും പുതുക്കിയ സ്റ്റോക്ക് ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്തു.

2) മേൽ (ബി) യിൽ പരാമർശിക്കുന്ന മരുന്നുകൾ യഥാർഥത്തിൽ വിനിയോഗിച്ച് കഴിഞ്ഞവയാണെന്നും , നിലവിൽ അവ ബാക്കിയില്ലെന്നും അറിയിച്ചു. 13/02/2020 തിയ്യതിയിൽ ഇവ ഇന്റന്റ് പ്രകാരം വിതരണത്തിനായി എടുക്കുകയും വിനിയോഗിക്കുകയും ചെയ്തതാണ് എന്നറിയിച്ചു. സബ് സ്റ്റോക്കും വിതരണ വിവരവും ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്തു. മരുന്നുകൾ വാങ്ങി വിനിയോഗിക്കുന്ന അവസരത്തിൽ ഇപ്രകാരമുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-29 അംഗൺവാടി പോഷകാഹാരം- ഗുണനിലവാരം ഉറപ്പുവരുത്താതെ വിതരണം ചെയ്യുന്നു.

അംഗൺവാടി പോഷകാഹാര വിതരണ പദ്ധതികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 2018-19 സാമ്പത്തീക വർഷം 41,52,746/-രൂപ ചെലവഴിച്ചിട്ടുണ്ട്.പദ്ധതി വിവരം താഴെ കൊടുക്കുന്നു.

| പ്രൊജ.നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ₹ | ചെലവ് ₹ |
|---|---|---|---|
| 7/19 | അംഗൺവാടി | 45,00,000 | 39,39,947 |

| | | | |
|---|---|---|---|
| | പോഷകാഹാരം(ജനറൽ) | | |
| 8/19 | അംഗൺവാടി പോഷകാഹാരം(എസ് ടി) | 300,000 | 2,12,799 |
| ആകെ | | | 41,52,746 |

മേൽ പദ്ധതികളിലുൾപ്പെടുത്തി 41,52,746/-രൂപ ചെലവഴിച്ചതിൽ ന്യൂട്രിമിക്സിനായി ചെലവഴിച്ച ബില്ലുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ബിൽ/ ചെക്ക് നം. | തിയ്യതി | ബിൽ തുക | ന്യൂട്രിമിക്സിനായി ചെലവഴിച്ച തുക |
|---|---|---|---|
| 4/18-19 | 30.06.18 | 23,07,569 | 6,54,220 |
| 1814210 | 31.07.18 | 6,83,381 | 548065 |
| 1814230 | 25.10.18 | 1,98,176 | 1,63,415 |
| 2/18-19 | 30.06.18 | 3,58,155 | 3,58,155 |
| ആകെ | | | 17,23,855 |

മുകളിൽ പറഞ്ഞ ബില്ലുകളിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ഭക്ഷ്യവസ്തുക്കൾ, ന്യൂട്രിമിക്സ് എന്നിവയുടെ ചെലവുകൾ കൂടി ഉൾപ്പെടുന്നു. മേൽ ചെലവിൽ 17,23,855/- രൂപ ന്യൂട്രിമിക്സിനായി മാത്രം ചെലവഴിച്ചതാണ്. കേന്ദ്ര ഗവൺമെൻറ് പദ്ധതിയായ ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (ടി.എച്ച്.ആർ.എസ്) പ്രകാരം കേരള സർക്കാരിനു കീഴിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ആറ് മാസം മുതൽ മൂന്നു വയസുവരെയുള്ള കുട്ടികൾക്ക് അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്. കുടുംബശ്രീയുടെ വിദഗ്ധ പരിശീനം നേടിയ അമൃതം ഫുഡ് സപ്ളിമെൻറ് യൂണിറ്റുകളാണ് ഈ പോഷകാഹാരം തയ്യാറാക്കുന്നത്. ഗോതമ്പ്, സോയ, പഞ്ചസാര, കപ്പലണ്ടി, കടലപ്പരിപ്പ്, എന്നിവ ചേർത്ത ഭക്ഷ്യമിശ്രിതമാണിത്. പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് നൽകുന്നത് പഞ്ചായത്താണ്. മേപ്പാടി ഗ്രാമപഞ്ചായത്തിൽ തൻ വർഷം ന്യൂട്രിമിക്സിനായി ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് ലാബ് പരിശോധനയ്ക്ക് വിധേയമാക്കാതെയാണ് മേപ്പാടി പഞ്ചായത്തിലെ അംഗൺവാടികൾ വഴി വിതരണം ചെയ്യുന്നത്.

മാംസ്യം, കൊഴുപ്പ്, അന്നജം, കാൽസ്യം, ഇരുമ്പ്, കരോട്ടിൻ, തയാമിൻ, റൈബോഫ്ളേവിൻ, നിയാസിൻ തുടങ്ങിയ വിവിധ പോഷകങ്ങൾ അമൃതം ന്യൂട്രിമിക്സിൽ അടങ്ങിയിരിക്കേണ്ടതാണ്. കുട്ടികളുടെ വളർച്ചയുടെ പ്രായത്തിൽ അവർക്ക് ഊർജം കൂടുതൽ നൽകുന്ന ഭക്ഷണങ്ങളും അന്നജവും ധാരാളം ആവശ്യമാണ്. ഊർജം കുറഞ്ഞാലുണ്ടാകുന്ന ക്വാഷിയോർക്കർ എന്ന രോഗത്തിൽ നിന്നും, മാംസ്യം കുറഞ്ഞാലുണ്ടാകുന്ന മരാസ്മസ് എന്ന രോഗത്തിൽ നിന്നും പ്രതിരോധ ശേഷിയും എല്ലിൻറെയും പേശികളുടെയും ശക്തി വർധിപ്പിക്കുന്നതിനാവശ്യമായ മാംസ്യവും കാൽസ്യവും ശരീരത്തിൻറെ പ്രതിരോധ ശക്തി വർധിപ്പിക്കുന്നതിനാവശ്യമായ ആറ് വിവിധ പ്രതിരോധ-പോഷകങ്ങളും അമൃതം ന്യൂട്രിമിക്സിൽ അടങ്ങിയിരിക്കേണ്ടതാണ്.

ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് വിതരണം ചെയ്താൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 5/06/2010, 01/02/2010 എന്നീ തിയ്യതികളിലെ ഐ സി ഡി എസ്. ബി3-312/2010, കത്തുകളിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ മേപ്പാടി പഞ്ചായത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തി കൊണ്ടിരിക്കുന്ന അംഗൺവാടി പോഷകാഹാര വിതരണ പദ്ധതിയിൽ നാളിതുവരെ പോഷകാഹാരത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. അമൃതം ന്യൂട്രിമിക്സ് ലാബ് പരിശോധനയ്ക്ക് വിധേയമാക്കിയതിന്റ 2018-19 വർഷത്തെ സാംപിളുകളുടെ പരിശോധനാഫലവും ന്യൂട്രിമിക്സ് വിതരണ പദ്ധതിയാരംഭിച്ച 2006 മുതലുള്ള സാംപിളുകളുടെ പരിശോധനാ ഫലവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നം. 2/18-19/06.02.2020)മറുപടിയിൽ ന്യൂട്രിമിക്സ് സാംമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടില്ലെന്നാണ് ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചത്. മേപ്പാടി ഗ്രാമ പഞ്ചായത്തിലേക്ക് ന്യൂട്രിമിക്സ് വിതരണം ചെയ്ത ഐശ്വര്യ, ജ്വാല എന്നീ ന്യൂട്രിമിക്സ് യൂണിറ്റുകളിൽ നിന്നുള്ള പോഷകാഹാര

സാമ്പിളുകൾ മറ്റ് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ(2018-19 സാമ്പത്തീക വർഷത്തിൽ) പരിശോധനയ്ക്ക് അയച്ച ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതും രണ്ടു മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് ഉല്പാദക കേന്ദ്രങ്ങളിൽ നിന്നും സാമ്പിൾ പരിശോധനയ്ക്ക് അയക്കാൻ ശ്രദ്ധിക്കേണ്ടതും അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. 2018-19 സാമ്പത്തീക വർഷം ന്യൂട്രിമിക്സിനായി ചെലവാക്കിയ 17,23,855/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

# 1-30 സമ്പൂർണ്ണ ഭവന പദ്ധതി ലോൺ തിരിച്ചടവ്

2013-14 വർഷം ആരംഭിച്ച സമ്പൂർണ്ണ ഭവന പദ്ധതി ലോൺ തിരിച്ചടക്കുന്നതിനായി തൻവർഷം 70 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ലോൺ തിരിച്ചടച്ചതിൽ അപാകങ്ങൾ വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ-6 /19

ട്രഷറി ബിൽ നമ്പർ/തീയതി – 9/19.05.2018

ചെലവഴിച്ച തുക – ₹70,00,000/-(വികസന ഫണ്ട് )

നിർവഹണം -സെക്രട്ടറി.

പഞ്ചായത്തിലെ ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് 8 കോടി രൂപ വയനാട് ജില്ലാ സഹകരണബാങ്കിൽ നിന്ന് ലോൺ എടുക്കുന്നതിന് സർക്കാർ അനുവാദം ലഭ്യമാകുകയും 5 കോടി രൂപ ലോൺ എടുക്കുകയും ചെയ്തു. നാളിതുവരെ തിരിച്ചടച്ചത് 23897309 രൂപയാണ്. മുതൽ വികസനഫണ്ടിൽ നിന്നും പലിശ തനതുഫണ്ടിൽ നിന്നും അടക്കണമെന്നാണ് വായ്പ എടുക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പർ-83/13 ത.സ്വ.ഭ.വ തീയതി.11.03.2013- പ്രകാരം നിഷ്കർഷിച്ചിരുന്നത്. ആയതിനാൽ വികസനഫണ്ടിൽ നിന്നും അടച്ച തുക പലിശയിനത്തിലേക്ക് ക്രമീകരിച്ചിട്ടുണ്ട്. അടച്ച തുക പലിശയിലേക്ക് ക്രമീകരിച്ചതിനാൽ മുതലിനത്തിൽ തുക കൂടുതൽ അവശേഷിക്കുന്നു. ആയതിനാൽ പലിശയിനത്തിൽ പഞ്ചായത്തിന് നഷ്ടം വരുന്നുണ്ട്. ബാങ്ക് ഈടാക്കിയ പലിശ കൃത്യമാണോ എന്ന് പഞ്ചായത്ത് പരിശോധിക്കുന്നുമില്ല. വികസന ഫണ്ടിൽ നിന്നും എത്ര തുക പലിശ അടച്ച എന്ന വിവരം പരിശോധിച്ച് ലഭ്യമാക്കേണ്ടതാണ്.

# 1-31 വെറ്ററൻ കായിക താരങ്ങൾക്ക് ധന സഹായം- ചട്ട വിരുദ്ധം

വൗച്ചർ നം 2180112/25.1.19     20,000/- രൂപ

പഞ്ചായത്തിന്റെ 22.1.19 ലെ 9/19 നമ്പർ തീരുമാന പ്രകാരം മേപ്പാടി ഗ്രാമ പഞ്ചായത്തിൽ നടത്തിയ കായികോൽസവത്തിൽ പങ്കെടുക്കുകയും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിജയിച്ച മുസ്തഫ വടക്കൻ,ഹുസൈൻ ചാലിൽ എന്നിവർക്ക് പ്രോൽസാഹനമായി 10,000/- രൂപ വീതം ധനസഹായം നൽകാൻ തീരുമാനിച്ചു. ആയത് പ്രകാരം മേൽ വ്യക്തികൾക്ക് തുക നൽകി.

2011 ലെ കേരള പഞ്ചായത്ത് രാജ്(അസാധാരണ ചെലവുകൾ) ചട്ടങ്ങൾ ചട്ടം 3(3) പ്രകാരം വ്യക്തികൾക്ക് പണമായി ധനസഹായം നൽകാൻ പാടില്ല. 20,000/- രൂപ ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു.

# 1-32 തെരുവു വിളക്ക് വാങ്ങൽ- തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

പ്രോജക്റ്റ് നമ്പർ-142/19( തെരുവു വിളക്ക് വാങ്ങൽ)

ട്രഷറി ബിൽ നമ്പർ/തീയതി-(2020-21 ൽ ചെലവ്)

ചെലവഴിച്ച തുക – ₹5,00,000/-(വികസന ഫണ്ട്)

നിർവഹണം -സെക്രട്ടറി.

തെരുവു വിളക്ക് വിതരണം ചെയ്ത സ്ഥാപനം - കെൽ, കൊല്ലം

പഞ്ചായത്തിലെ 23 വാർഡുകളിലേക്കായി 143 എൽ ഇ ഡി വിളക്കുകൾ വാങ്ങി. വിളക്കുകൾ ഏതൊക്കെ വാർഡുകളിലാണ് സ്ഥാപിച്ചത് എന്ന റിപ്പോർട്ട് ലഭ്യമാണ്. എന്നാൽ പുതിയ വിളക്കുകളും നിലവിലെ വിളക്കുകളും ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയത് കാലികമാക്കി അറിയിക്കേണ്ടതാണ്.

# 1-33 മുൻകൂർ തുക ക്രമീകരിച്ചതിന്റെ വൗച്ചറുകൾ ഹാജരാക്കിയില്ല

മേപ്പാടി പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം വിവിധ ആവശ്യങ്ങൾക്കായി

താഴെ പറയുന്ന തുക മുൻകൂർ നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവുകൾസംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല

| ക്രമ നം. | ഇനം | ചെലവ് തുക | വൗച്ചർ നം., / ബിൽ നം തീയതി |
|---|---|---|---|
| 1 | പഞ്ചായത്ത് ദിനാഘോഷം സെക്രട്ടറി മുൻകൂർ പിൻവലിച്ചത് | 20,000 | 21801203/12.2.19 |
| 2 | പഞ്ചായത്ത് ദിനാഘോഷം സെക്രട്ടറി മുൻകൂർ പിൻവലിച്ചത് | 15,000 | 21801209/14.2.19 |
| 3 | ചിങ്ങം 1 കർഷക ദിനം- കൃഷി ഓഫീസർക്ക് മുൻകൂർ നൽകിയത് | 10,000 | 21800413/13.8.18 |
| 4 | പൾസ് പോളിയോ- CHC മെഡിക്കൽ ഓഫീസർക്ക് മുൻകൂർ നൽകിയത് | 5,000 | 21800272/6.7.18 |
| | ആകെ | 50,000 | |

അനുബന്ധ രേഖകളുടെ അഭാവത്തിൽ ചെലവ് ചെയ്ത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (നം. 12/12.02.2020 പ്രകാരംഎൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല)

## 1-34 ഗുണഭോക്തൃ സമിതിക്ക് അധിക തുക നൽകിയതിനാൽ ഗ്രാമപഞ്ചായത്തിന് ₹ 60,672/- നഷ്ടം.

ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രോജക്ടിന്റെയും എസ്റ്റിമേറ്റിൽ ഒരോ ഇനത്തിനും 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികളിൽ (എസ്റ്റിമേറ്റ് നിരക്കിലുള്ള മൂല്യനിർണ്ണയത്തിൽ) നിന്നും ബാധകമായ നികുതികൾ ഈടാക്കണമെന്ന് 29.02.2016 -ലെ ജി. ഒ. (പി) നം. 30/2016/ധനം ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് പുറമേ 16.03.2018 - ലെ ഡി.ബി.3 -

9058/17/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ, എസ്റ്റിമേറ്റിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുമ്പോൾ 5% കുറവ് വരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ സർക്കാർ ഉത്തരവിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ വിരുദ്ധമായി ഗുണഭോക്തൃ സമിതിയിൽ നിന്നും വസൂലാക്കലുകൾ വരുത്താതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിനാൽ ₹ 60,672/- നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

# 1-35 പ്രവൃത്തി മൂല്യത്തെക്കാൾ അധിക തുക നൽകിയതിനാൽ നഷ്ടം.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 8 പ്രകാരം കരാറുകരൻ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പണികൾക്ക് പ്രവൃത്തി മൂല്യം കണക്കാക്കിയാണ് തുക അനുവദിക്കേണ്ടത്.

ഭരണസമിയിയുടെ 12.12.2017-ലെ 22/17 - നമ്പർ തീരുമാന പ്രകാരം കരാറുകരൻ അടങ്കൽ തുക അംഗീകരിച്ച് കരാറുടമ്പടി വെച്ച് നടപ്പിലാക്കിയ കോട്ടനാട് ലീഫ് ഷെഡ് ഡ്രൈനേജ് പൂർത്തികരണം എന്ന പ്രവൃത്തിയ്ക്ക് പ്രവൃത്തി മൂല്യത്തെക്കാൾ അധിക തുക നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

# 1-36 എഗ്രിമെന്റ് വെച്ച് പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുന്നതിനു മുമ്പ് ചെയ്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചതിനാൽ നഷ്ടം ₹91,779/- രൂപ

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ച് സെലക്ഷൻ നോട്ടീസ് നൽകി കരാറുടമ്പടി വെച്ചതിനു ശേഷം സൈറ്റ് കൈമാറിയതിന് ശേഷമാണ് കരാറുകാരൻ പണി ആരംഭിക്കേണ്ടത്.

കുന്നമംഗലംകുന്ന് ടവർ ലൈൻ റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തി 09.03.2019 -നാണ് കരാറുടമ്പടി വെച്ച് കരാറുകാരനെ ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ കരാർ

തീയതിക്ക് മുമ്പ് ചെയ്ത പ്രവൃത്തിക്ക് ₹91,779/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് ഓഡിറ്റ് ഖണ്ഡിക 3-3 കാണുക.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഗുണഭോക്തൃ സമിതിക്ക് അധിക തുക നൽകിയതിനാൽ ഗ്രാമപഞ്ചായത്തിന് ₹ 60,672/- നഷ്ടം.

ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തി പ്രോജക്ടിന്റെയും എസ്റ്റിമേറ്റിൽ ഒരോ ഇനത്തിനും 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതികളിൽ (എസ്റ്റിമേറ്റ് നിരക്കിലുള്ള മൂല്യനിർണ്ണയത്തിൽ) നിന്നും ബാധകമായ നികുതികൾ ഈടാക്കണമെന്ന് 29.02.2016 -ലെ ജി. ഒ. (പി) നം. 30/2016/ധനം ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് പുറമേ 16.03.2018 - ലെ ഡി.ബി.3 - 9058/17/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ പ്രകാരം 01.07.2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ, എസ്റ്റിമേറ്റിൽ 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുമ്പോൾ 5% കുറവ് വരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ സർക്കാർ ഉത്തരവിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്തൃ സമിതിയിൽ നിന്നും വസൂലാക്കലുകൾ വരുത്താതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. 16.03.2018 - ന് ശേഷം ട്രഷറിയിൽ ബില്ല് സമർപ്പിച്ചിട്ടുള്ളതും പ്രവൃത്തിമൂല്യത്തിൽ 5%- ഓവർ ഹെഡ് ചാർജ്ജും ചില പ്രവൃത്തികളിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയും കുറവ് ചെയ്യാതെ തുക അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പറും പേരും, അടങ്കലും | ചെലവ് തുക, ട്രഷറി ബിൽ നം./ | പ്രവൃത്തി മൂല്യം. | പ്രവൃത്തി മൂല്യത്തിന്റെ 5% | അനുവദി ക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | എസ്.0181/19, കുഴിമുക്ക് കോളനി കിണർ. (₹200000, ടി.എസ്.പി. ഫണ്ട്, ₹100000, തനത് ഫണ്ട്) | ₹200000/-വൗച്ചർ നം. 01/18-19, 30.05.2018, ₹97882/-(ചെക്ക് നം. 1814221/14.09.2018) ആകെ: 297882 | ₹294933/- | ₹14747/- | 280186/- (294933 - 14747) | ₹17696/- |
| 2 | എസ്.0235/18, മേലേ 22 കുടിവെള്ള പദ്ധതി (₹430000, എസ്.സി.പി. ഫണ്ട്) | ₹430000/- വൗച്ചർ നം. 03/18-19, 30.05.2018 | ₹428277/- | ₹21414/- | 406863/- (428277 - 21414) | ₹23137/- |
| 3 | എസ്.0268/18, മൂപ്പൻകുന്ന് കുടിവെള്ള പദ്ധതി. (₹240289, എസ്.സി.പി. ഫണ്ട്) | ₹209744/- (വൗച്ചർ നം. 05/18-19, 30.05.2018) | ₹207667/- | ₹10383/- | 197284/- (207667 - 10383) | ₹12460/- |
| 4 | എസ്.0252/18, മേലേ നെല്ലിമുണ്ട പൊതു കിണർ പ്ലാറ്റ് ഫോം നിർമ്മാണം (₹35000, വികസന ഫണ്ട്) | ₹35000/-(വൗച്ചർ നം. 06/18-19, 30.05.2018) | ₹35000/- | ₹1750/- | ₹33250/- (35000 - 1750) | ₹1750/- |
| 5 | എസ്.0221/18, മണ്ണാത്തിക്കുണ്ട് എസ്.സി. കോളനി കുഴൽ കിണർ (₹200000, എസ്.സി.പി. ഫണ്ട്) | ₹133495/-(വൗച്ചർ നം. 69/18-19, 21.03.2019) | ₹133495/- (കുഴൽ കിണർ നിർമ്മിച്ചതിന് ഏഷ്യയൻ ബോർ വെൽസിന് നൽകിയ തുക ₹70925/-) | ₹3129/- (62570 -ന്റെ 5% ) | ₹130366/- ([62570 - 3129] + 70925) | ₹3129/- |
| 6 | എസ്.0264/19, നെല്ലിമാളം കുടിവെള്ള പദ്ധതി തുടർച്ച (₹50000, ധനകാര്യ കമ്മീഷൻ ഫണ്ട്) | ₹50000/-(വൗച്ചർ നം. 40/18-19, 17.12.2018) | ₹50000/- | ₹2500/- | ₹47500/- ( 50000 - 2500) | ₹2500/- |
| ആകെ അധികം | | | | | | ₹ 60672/- |

ഓഡിറ്റ് എൻക്വയറി നം. 20/2018-19/ 12.02.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികമായി നൽകിയ ₹ 60,672/- (1 - 17696, 2 - 23137, 3 - 12460, 4 - 1750, 5 - 3129, 6 - 2500) നിരാകരിക്കുന്നു. ആയത് തുക അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 പ്രവൃത്തി മൂല്യത്തെക്കാൾ അധിക തുക നൽകി.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 8 പ്രകാരം കരാറുകരൻ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പണികൾക്ക് പ്രവൃത്തി മൂല്യം കണക്കാക്കിയാണ് തുക അനുവദിക്കേണ്ടത്.

ഭരണസമിതിയുടെ 12.12.2017-ലെ 22/17 - നമ്പർ തീരുമാന പ്രകാരം കരാറുകരൻ അടങ്കൽ തുക അംഗീകരിച്ച് കരാറുടമ്പടി വെച്ച് നടപ്പിലാക്കിയ കോട്ടനാട് ലീഫ് ഷെഡ് ഡ്രൈനേജ് പൂർത്തികരണം എന്ന പ്രവൃത്തിയ്ക്ക് പ്രവൃത്തി മൂല്യത്തെക്കാൾ അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0130/18-19 |
| അടങ്കൽ | ₹207000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹207000/-[വൗച്ചർ നം. 10/18-19, 30/05/2018] |
| എം. ബുക്ക് നമ്പർ | 199/17-18 (പേജുകൾ 01-13) |
| കരാറുകാരൻ | റഹിം എം.എ. |
| കരാറുടമ്പടി നമ്പർ | 54/17-18, 09/01/2018 |
| മതിപ്പ് ചെലവ് | ₹206145/- |
| പ്രവൃത്തി മൂല്യം | ₹201086/- |
| അധികം നൽകിയ തുക | ₹5914/- (207000 - 201086) |

ഓഡിറ്റ് എൻക്വയറി നം. 07/2018-19/11.02.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകരന് ₹5914/- അധികം നൽകി നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യാഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 എഗ്രിമെന്റ് വെച്ച് പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുന്നതിനു മുമ്പ് ചെയ്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചു.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ച് സെലക്ഷൻ നോട്ടീസ് നൽകി

കരാറുടമ്പടി വെച്ചതിനു ശേഷം സൈറ്റ് കൈമാറിയതിന് ശേഷമാണ് കരാറുകാരൻ പണി ആരംഭിക്കേണ്ടത്.

കുന്നമംഗലംകുന്ന് ടവർ ലൈൻ റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തി 09.03.2019 -നാണ് കരാറുടമ്പടി വെച്ച് കരാറുകാരനെ ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ കരാർ തീയതിക്ക് മുമ്പ് ചെയ്ത പ്രവൃത്തിക്ക് തുക അനുവദിച്ചതായി കാണുന്നു. പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0325/18-19 |
| അടങ്കൽ | ₹150000/- (തനത് ഫണ്ട്) |
| ചെലവ് | ₹150000/-[വൗച്ചർ നം. -95/18-19, 29/03/2019] |
| എം. ബുക്ക് നമ്പർ | 82/18-19 (പേജുകൾ 01-07) |
| കരാറുകാരൻ | കെ.വി. ജോർജ് |
| കരാറുടമ്പടി നമ്പർ | 93/18-19, 09/03/2019 (എഗ്രിമെന്റ് രജിസ്റ്റർ 2019 -20 പേജ് നം. 01) |
| മതിപ്പ് ചെലവ് | ₹148238/- |

പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിലെ ആദ്യത്തെ രണ്ടിനങ്ങളായ റോഡിന്റെ ഉപരിതലം ഒരുക്കലും 1:4:8 സിമന്റ് കോൺക്രീറ്റും യഥാക്രമം 05.03.2019 (എം.പി. പോജ് നം. 01), 07.03.2019 (എം.ബി. പേജ് നം. 02) എന്നീ തീയതികളിൽ അസി. എക്സി. എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തതായി അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രവ്യ്ത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥൻ അളവുകൾ രേഖപ്പെടുത്തിയ തീയതി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ ബിൽ പ്രകാരം ഈ ഇനങ്ങലളുടെ മൂല്യം

യഥാക്രമം ₹2772.66 ഉം ₹89026.87 ഉം ആണ്. പ്രസ്തുത പ്രവൃത്തി ടെണ്ടർ നടത്തിയതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സെലക്ഷൻ നോട്ടീസ് നൽകിയതിന്റെയും സൈറ്റ് കൈമാറിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കരാറുടമ്പടി വെച്ച് സൈറ്റ് കൈമാറുന്നതിന് മുമ്പ് സൈറ്റിൽ ചെയ്യപ്പെട്ടിരുന്ന പ്രവൃത്തികൾ അളന്നാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നം. 08/2018-19/11.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുടമ്പടിവയ്ക്കുന്നതിന് മുമ്പ് സൈറ്റിൽ നിലവിലുണ്ടായിരുന്ന സിമന്റ് കോൺക്രീറ്റിന്റെ അളവെടുത്ത് കരാറുകാരന് തുക അനുവദിച്ച് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ കരാറുടമ്പടി വെയ്ക്കുന്നതിന് മുമ്പ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തിയിനങ്ങളുടെ ആകെ തുക ₹91,779/- (2772.66 + 89026.87) ഓഡിറ്റ് നിരാകരിക്കുന്നു. ആയത് അളവ് രേഖപ്പെടുത്തിയ ഉദ്യാഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.08.2019 മുതൽ 22.08.2019 വരെ. | നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി4-656/2019 തിയ്യതി 27.09.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 48,90,774 | 14/19- ലൈഫ് ഭവനം | 40,00,000 | 0 |
| | | | 85/19- നെൽകൃഷി കൂലിച്ചെലവ് | 3,00,000 | 0 |
| | | | 93/19 – പാൽ സബ്സിഡി | 2,50,000 | 0 |
| | | | S-36/19 ലൈഫ് ഭവനം | 3,40,774 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 20,59,475 | S-14/19 ലൈഫ് ഭവന പദ്ധതി | 18,40,000 | 0 |
| | | | 85/19- നെൽകൃഷി കൂലിച്ചെലവ് | 2,19,475 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽകിണർ- മുണ്ടക്കൈ | 78/18-19 23/10/2018 | 79,000 | 79,000 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (വാർഷിക കണക്ക് പ്രകാരം) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന നിർമ്മാണം | ജി.ഒ.(എം.എസ്) 3/15/LSGD/28/03/2005 | 5,00,00,000 | 3,28,02,692 | 70,00,000 | | 2,73,67,993 |

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ വിവരങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| | കൽപ്പറ്റ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 01/04/2017 | 01 | 10,00,000 | |
| ആകെ | | | | 10,00,000 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2006-07 | 3.91.1 | ടാർ വാങ്ങിയത് രേഖകൾ ഹാജരാക്കിയിട്ടില്ല | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2001-02 | | 2006-07 | 3.91.2 | ജെ.ആർ.വൈ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | മറുപടി സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ പരിഗണനയിൽ |
| 2002-03 | | 2006-07 | 3.91.3 | കെട്ടിടങ്ങളുടെ വാടക ഈടാക്കാത്തത് സംബന്ധിച്ച് | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2002-03 | | 2006-07 | 3.91.4 | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദനീയമല്ലാത്ത രീതിയിൽ ധനസഹായം നൽകി | മറുപടി സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 19,24,97,600 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 17,07,75,395 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,58,365 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 25,07,855 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 60,672 | ശ്രീമതി. മഞ്ജുഷ, അസി.എഞ്ചിനീയർ – 55,043/-<br>ശ്രീ. അബ്ദുൾ നാസർ, അസി.എഞ്ചിനീയർ – 3,129/-<br>ശ്രീ. വൈശാഖ്, അസി.എഞ്ചിനീയർ – 2,500/- |
| 3-2 | | 5,914 | ശ്രീമതി. മഞ്ജുഷ, അസി.എഞ്ചിനീയർ |
| 3-3 | | 91,779 | ശ്രീ. അബ്ദുൾ നാസർ, അസി.എഞ്ചിനീയർ |
| | ആകെ | 1,58,365 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 1-17 | 7,14,000 | ശ്രീമതി.ഭാഗ്യലക്ഷ്മി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-29 | 17,23,855 | ശ്രീമതി.ഭാഗ്യലക്ഷ്മി, ഐ.സി.ഡി.എസ് സൂപ്പർവൈസർ, മേപ്പാടി ഗ്രാമപഞ്ചായത്ത് |
| 1-31 | 20,000 | ശ്രീ.ടി.ഡി.ജോണി, സെക്രട്ടറി, മേപ്പാടി ഗ്രാമപഞ്ചായത്ത് |
| 1-33 | 50,000 | ശ്രീ.ടി.ഡി.ജോണി, സെക്രട്ടറി, മേപ്പാടി ഗ്രാമപഞ്ചായത്ത് |
| ആകെ | 25,07,855 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മഞ്ജുഷ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, വയനാട് ജില്ലാ പഞ്ചായത്ത് | ഫ്ലാറ്റ് നം.8, പി.എ.സൺസ് ബിൽഡിംഗ് മെസ്സ് ഹൗസ് റോഡ്, കൽപ്പറ്റ |
| ശ്രീ.അബ്ദുൾ നാസർ അസി.എഞ്ചിനീയർ | റിട്ടയേർഡ് | നെസ്റ്റ് പിണങ്ങോട്, കൽപ്പറ്റ |

| | | |
|---|---|---|
| ശ്രീ. വിശാഖ്<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>പി.ഡബ്ല്യൂ.ഡി. വിഭാഗം | രാഗം<br>വലിയവിള, മയ്യനാട്<br>പി.ഒ, കൊല്ലം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്(ഡബ്ല്യൂ)പി5 -549/14 തിയ്യതി 19.02.2015 |
| 1994-95 | എൽ.എഫ്(ഡബ്ല്യൂ)പി5 -549/14 തിയ്യതി 19.02.2015 |
| 1995-96 | എൽ.എഫ്(ഡബ്ല്യൂ)പി3-115/03 തിയ്യതി 05.07.2003 |
| 1996-97 | എൽ.എഫ്(ഡബ്ല്യൂ)പി3-124/01 തിയ്യതി 28.02.2001 |
| 1997-98 | എൽ.എഫ്(ഡബ്ല്യൂ)പി2-657/10 തിയ്യതി 16.02.2005 |
| 1998-99 | എൽ.എഫ്(ഡബ്ല്യൂ)പി3-592/01 തിയ്യതി 12.07.2002 |
| 1999-2000 | എൽ.എഫ്(ഡബ്ല്യൂ)പി3-63/02 തിയ്യതി 29.07.2012 |
| 2000-01 | എൽ.എഫ്(ഡബ്ല്യൂ)പി3-484/03 തിയ്യതി 06.02.2006 |
| 2001-02 (പ്ലാൻ) | എൽ.എഫ്(ഡബ്ല്യൂ)പി3-558/03 തിയ്യതി 10.05.2005 |
| 2001-02 (ഫുൾ) | എൽ.എഫ്(ഡബ്ല്യൂ)പി1-380/05 തിയ്യതി 26.02.2008 |
| 2002-03 | എൽ.എഫ്(ഡബ്ല്യൂ)പി1-192/06 തിയ്യതി 08.01.2008 |
| 2003-04 | എൽ.എഫ്(ഡബ്ല്യൂ)പി1-986/08 തിയ്യതി 08.04.2009 |
| 2004-05 | എൽ.എഫ്(ഡബ്ല്യൂ)പി1-997/08 തിയ്യതി 12.04.2003 |
| 2005-06 | എൽ.എഫ്(ഡബ്ല്യൂ)പി1-996/08 തിയ്യതി 02.04.2009 |
| 2006-07 | എൽ.എഫ്(ഡബ്ല്യൂ)പി1-880/11 തിയ്യതി 29.12.2011 |
| 2007-08 | എൽ.എഫ്(ഡബ്ല്യൂ)പി1-744/10(1) തിയ്യതി 28.03.2013 |
| 2008-09 | എൽ.എഫ്(ഡബ്ല്യൂ)പി1-843/13 തിയ്യതി 03.04.2014 |
| 2009-10 | എൽ.എഫ്(ഡബ്ല്യൂ)പി1-743/13 തിയ്യതി 27.05.2014 |
| 2010-11 | എൽ.എഫ്(ഡബ്ല്യൂ)പി1-744/12 തിയ്യതി 01.04.2014 |
| 2011-12 | എൽ.എഫ് .(ഡബ്ല്യൂ.)പി1-297/14 തിയ്യതി 18.07.2014 |
| 2012-13 | എൽ.എഫ്(ഡബ്ല്യൂ)പി4-212/15 തിയ്യതി 29.05.2015 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4-78/16 തിയ്യതി 30.03.2016 |
| | [illegible] |

| | |
|---|---|
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി പി4-493/16 തീയ്യതി 30.07.2016 |
| 2015-16 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി പി4-754/16 തീയ്യതി 11/11/2016 |
| 2016-17 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി പി4-603/17തീയ്യതി 19/10/2017 |
| 2017-18 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി പി4-48/19 തീയ്യതി 19/02/2019 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# <u>അനുബന്ധം - 1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 4-)o വകുപ്പും 1994 കേരള പഞ്ചായത്ത് രാജ് നിയമം 215-)o വകുപ്പും/1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-)o വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 31.03.2019 ൽ അവസാനിച്ച

വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം - 2</u> <u>വാർഷിക കണക്കിലെ ന്യൂനതകളുടെ സംഗ്രഹം</u>

ന്യൂനതകളുടെ സംഗ്രഹം

1. അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. മിക്ക അക്കൗണ്ടുകളുടെയും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് നമ്പർ | ബാങ്ക് പാസ്സ് ബുക്ക് നീക്കി ബാക്കി 31/03/2019 | ബാങ്ക് ബുക്ക് പ്രകാരം 31/03/2019 | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 2154178971 സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ (എൻ.ആർ.ജി.എ) | ₹158414.54 | ₹1,28,337 | ₹1,32,452 | ₹4,115/- (വാർഷിക കണക്കും ബാങ്ക് പാസ്സ്ബുക്കും തമ്മിൽ) |
| 2154169285 സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ | ₹37,119 | ₹36,483 | ₹36,483 | ₹636/- (വാർഷിക കണക്കും ബാങ്ക് പാസ്സ്ബുക്കും തമ്മിൽ) |

3. തനത് ഫണ്ട് അക്കൗണ്ട് നമ്പർ (WDCB -014 ) ൽ നിന്ന് 14/08/2019 ന് 65,000/- രൂപ

പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക ഏത് ഇനത്തിനാണ് പിൻവലിച്ചത് എന്ന് വ്യക്തമല്ല.

4.സെൻട്രൽ ബാങ്ക് പ്ലാൻ അക്കൗണ്ടിൽ (2154175629 ) നിന്ന് 25/04/2017 ന് 912,285/- രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക ഏത് ഇനത്തിനാണ് പിൻവലിച്ചത് എന്ന് വ്യക്തമല്ല.

5. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും വാർഷിക കണക്കിലെ വരവും

പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ വരവ് | വാർഷിക കണക്കിലെ വരവ് | വ്യത്യാസം |
|---|---|---|---|
| ഡെവലപ്പ്മെന്റ് ഫണ്ട്(ടി.എസ്.പി) | ₹75,16,288/- | ₹7416288/- | ₹1,00,000/- |
| ജനറൽ പർപ്പസ് ഫണ്ട് | ₹46,00,559/- | ₹1,58,32,460/- | ₹1,12,31,901/- |

6. വാടക – കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല, ആയതിനാൽ തുകയുടെ കൃത്യത വാർഷിക കണക്കുമായി ഒത്തുനോക്കുന്നതിന് സാധിച്ചിട്ടില്ല.

7. തൊഴിൽനികുതി, (എംപ്ലോയീസ്, ട്രേഡേഴ്സ് ) വസ്തുനികുതി, വാടക, ഡി ആന്റ് ഒ

എന്നിവയുടെ രജിസ്റ്ററിലെ വരവും വാർഷിക കണക്കിലെ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | രജി സ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
| തൊഴിൽ നികുതി എംപ്ലോയിസ് | ₹27,41,460 | ₹27,41,460 | ₹27,41,460 | ₹26,90,460 | 0 | രേഖപ്പെടുത്തിയിട്ടില്ല |
| ട്രേഡേഴ്സ് | ₹5,92,130 | ₹5,92,130 | ₹5,92,130 | ₹5,51,930 | 0 | |
| ഡിആന്റ് ഒ | ₹389800 | ₹389800 | ₹389800 | 410800 (current 256300+ advance 154500) | 0 | രേഖപ്പെടുത്തിയിട്ടില്ല |
| വസ്തുനികുതി തൻവർഷം കുടിശ്ശിക | ₹5613243 ₹111099 | ₹5332581 ₹6616018 | ₹5418943 | ₹5332581 ₹11280 | ₹11845 ₹99225 | ₹20002 ₹99772 |
| വാടക | ₹2946870 | ₹2946870 | ₹2578316 | ₹2578316 | ₹368554 | ₹368554 |

| | | | | | | |
|---|---|---|---|---|---|---|
| തൻവർഷം കുടിശ്ശിക | ₹1577143 | ₹2948884 | ₹817449 | ₹843681 | ₹759654 | ₹2105203 |
| | | | | | | |

8. ഡെപ്പോസിറ്റ് രജിസ്റ്റർ , ലോൺ രജിസ്റ്റർ, സ്ഥിരം നിക്ഷേപം രജിസ്റ്റർ, അഡ്വാൻസ്

രജിസ്റ്റർ എന്നീ ഇനത്തിൽ വരവ്,ചെലവ്,നീക്കിബാക്കി എന്നിവയുടെ കൃത്യത

പരിശോധിക്കുന്നതിന് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

9. വിവിധ വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

10. ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

11. B11(a) Schedule പ്രകാരം Capital Work in Progress എന്നയിനത്തിൽ തുകകൾ

നീക്കിയിരിപ്പ് ഇല്ല. എന്നാൽ പാർട്ട് ബിൽ മാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച

കാൽക്കുലേഷൻ ഷീറ്റ് പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.

12. B9 Schedule ൽ stale cheque ഇനത്തിൽ 443574/- രൂപ നൽകാനുള്ളതായി

ബാധ്യത കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് യഥാർത്ഥ ബാദ്ധ്യത ആണോ എന്ന് വ്യക്തമല്ല.

13. ടെണ്ടർ ഫോറം വിൽപ്പന നടത്തിയ ഇനത്തിൽ 239292/-രൂപ വരവുണ്ട് എന്നാൽ

ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

14. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

15.വിധവകളുടെ പെൺമക്കളുടെ ധനസഹായം എന്നിനത്തിൽ 2,70,000/-രൂപ വരവും

ചെലവും ഫയൽപ്രകാരം ഉണ്ട് എന്നാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കൽപ്പറ്റ,
02/03/2020